यूयं पाठं मा लिखत ।

നിങ്ങൾ പാഠം എഴുതാതിരിക്കുവിൻ.

अत्र मा पश्य, तत्र पश्य ।

(നീ) ഇവിടെ നോക്കരുതു്, അവിടെ നോക്കു.

जलं मा पिब, तक्रं पिब ।

(നീ) വെള്ളം കുടിക്കരുതു്, മോരു് കുടിക്കു.

यूयं वार्तां मा शृणुत, गीतं शृणुत ।

നിങ്ങൾ വർത്തമാനം കേൾക്കാതിരിക്കുവിൻ,

പാട്ടു് കേൾക്കുവിൻ

---

1. यूयं കർത്താവായിരിക്കുമ്പോൾ ക്രിയയോടുകൂടി 'त' ചേർക്കുന്നു.

ഉദാ:— क्रीड + त = क्रीडत ; लिख + त = लिखत

2. വിധിരൂപത്തിൽ ക്രിയയുടെ മുമ്പിൽ 'मा' എന്നു ചേർത്താൽ നിഷേധരൂപം ലഭിക്കും.

ഉദാ:— मा गच्छ : मा गच्छत

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

വർത്തമാനകാലം, മധ്യമപുരുഷൻ

ഏകവചനം

वर्तमानकालमध्यमपुरुषैकवचनम्

आज्ञापक्षः		वर्तमानकालः	
त्वं पठ	നീ പഠിക്ക	त्वं पठसि	നീ പഠിക്കുന്നു
त्वं लिख	നീ എഴുതു	त्वं लिखसि	നീ എഴുതുന്നു
त्वं पिब	നീ കുടിക്ക	त्वं पिबसि	നീ കുടിക്കുന്നു
त्वं पत	നീ വീഴ	त्वं पतसि	നീ വീഴുന്നു
त्वं स्मर	നീ ഓർമ്മിക്ക	त्वं स्मरसि	നീ ഓർമ്മിക്കുന്നു
त्वं व्रज	നീ പോക	त्वं व्रजसि	നീ പോകുന്നു
त्वं कथय	നീ പറയു	त्वं कथयसि	നീ പറയുന്നു
त्वं त्यज	നീ വിടു	त्वं त्यजसि	നീ വിടുന്നു
त्व रचय	നീ രചിക്ക	त्वं रचयसि	നീ രചിക്കുന്നു
त्वं धाव	നീ ഓടു	त्वं धावसि	നീ ഓടുന്നു
त्वं हस	നീ ചിരിക്ക	त्वं हससि	നീ ചിരിക്കുന്നു
त्वं जप	നീ ജപിക്ക	त्वं जपसि	നീ ജപിക്കുന്നു
त्वं भव	നീ ആക	त्वं भवसि	നീ ആകുന്നു

വിധിക്രിയ + सि (സി) = വർത്തമാനകാലം മധ്യമ പുരുഷൻ — ഏകവചനക്രിയ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

വർത്തമാനകാലം - ഏകവചനം

वर्तमानकालः-एकवचनम्

त्वं पठसि	सः पठति	अहं पठामि
നീ പഠിക്കുന്നു	അവൻ പഠിക്കുന്നു	ഞാൻ പഠിക്കുന്നു
त्वं जपसि	सा जपति	अहं जपामि
നീ ജപിക്കുന്നു	അവൾ ജപിക്കുന്നു	ഞാൻ ജപിക്കുന്നു
त्वं पतसि	तत् पतति	अहं पतामि
നീ വീഴുന്നു	അതു് വീഴുന്നു	ഞാൻ വീഴുന്നു

त्वं पत्रं लिखसि ।	നീ എഴുത്തു് എഴുതുന്നു.
अहं ग्रामं व्रजामि ।	ഞാൻ ഗ്രാമത്തിലേക്കു പോകുന്നു.
तत् कुत्र पतति ?	അതു് എവിടെ വീഴുന്നു ?
बालिका हसति ।	പെൺകുട്ടി ചിരിക്കുന്നു.
त्वं मन्त्रं जपसि ।	നീ മന്ത്രം ജപിക്കുന്നു
अध्यापको भवामि अहम् ।	ഞാൻ അദ്ധ്യാപകൻ ആകുന്നു
त्वं किं करोषि ?	നീ എന്തു് ചെയ്യുന്നു.
सा श्लोकं रचयति ।	അവൾ ശ്ലോകം രചിക്കുന്നു.
अहं पाठं स्मरामि ।	ഞാൻ പാഠം ഓർമ്മിക്കുന്നു.

---

1. വിധിക്രിയയുടെ അന്ത്യത്തിലുള്ള ഉകാരം ഓകാരമാകുന്നു
2. രകാരമോ ണകാരമോ കൊണ്ടുള്ള ശബ്ദത്തിൽ 'स' 'ष' എന്നാകുന്നു.

ഉദാ:— कुरु + सि = करो + सि = करोषि

शृणु + सि = शृणो + सि = शृणोषि

Sri Vidyabharathi Book Centre, Sringeri

സന്ധി – सन्धिः

CC-O. In Public Domain. Digitized by eGangotri

सोऽध्यापको भवति ।	അവൻ അദ്ധ്യാപകൻ ആകുന്നു.
तत् फलं तत्र नास्ति ।	ആ പഴം അവിടെ ഇല്ല.
त्वं अत्रागच्छ ।	നീ ഇവിടെ വരു
चपलो बालको धावति ।	ചപലനായുള്ള ബാലൻ ഓടുന്നു.
ब्राह्मणोऽयम् ।	ഇവൻ ബ്രാഹ്മണനാകുന്നു.
त्वमद्य मा व्रज ।	നീ ഇപ്പോൾ പോകരുത്.
अत्रानन्दो नास्ति ।	ഇവിടെ ആനന്ദം ഇല്ല.
किमस्य कारणम् ?	ഇതിന്റെ കാരണം എന്താകുന്നു.
अत्राहं तिष्ठामि	ഇവിടെ ഞാൻ നില്ക്കുന്നു.
कोऽयम्	ഇവൻ ആരാകുന്നു.
ईश्वरोऽस्मान् पालयति ।	ഈശ്വരൻ ഞങ്ങളെ രക്ഷിക്കുന്നു.

---

1. ഒരേ ഇനത്തിൽപ്പെട്ട സ്വരങ്ങൾ ഹ്രസ്വമായാലും ദീർഘമായാലും ചേർന്നാൽ ഒന്നാകെ ദീർഘമാകും.

ഉദാ :— न+अस्ति = नास्ति ; अत्र+आगच्छ = अत्रागच्छ

अत्र+अहं = अत्राहं

2. വ്യഞ്ജനവും സ്വരവും ചേർന്നാൽ സ്വരവ്യഞ്ജനമാകും.

त्वम्+अद्य = त्वमद्य ; किम्+अस्य = किमस्य

3 (a) മദ്ധ്യമ മൃദുഘോഷാന്ത നാസികങ്ങളോ യ, ര, ല, വ, ഹ എന്ന വർണ്ണങ്ങളോ വരുന്നതായാൽ അകാരത്തിൽ വിസർഗ്ഗം ഓകാരമാകും.

ഉദാ :— चपलः + बालक = चपलो बालकः

बालकः + धावति = बालको धावति

4 (b) അകാരം വരുന്നതായാൽ ആ അകാരം അവഗ്രഹമാകും

ഉദാ :— सः + अध्यापकः = सोऽध्यापकः

ब्राह्मणः + अयम् = ब्राह्मणोऽयम्

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

കാരകം - അകാരാന്തം - ഏകവചനം

अकारान्तशब्दाः–एकवचनम्

विभक्ति (കാരകം)	പുല്ലിംഗം
प्रथमा (കർത്താ)	रामः രാമൻ
द्वितीया (കർമ്മ)	रामम् രാമനെ
तृतीया (കരണ)	रामेण രാമനോട്, /-നാൽ
चतुर्थी (സംപ്രദാന)	रामाय രാമന്
पञ्चमी (അപാദാന)	रामात् രാമനിൽനിന്ന്
षष्ठी (സംബന്ധ)	रामस्य രാമന്റെ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

सप्तमी	रामे
(അധികരണ)	രാമനിൽ
सम्बोधन	राम
(സംബോധന)	രാമ

നപുംസകലിംഗം	സർവ്വനാമം
फलम्	कः / किम्
പഴം	ആര/എന്ത്
फलम्	कम् / किम्
പഴത്തിനെ	ആരെ/എതിനെ
फलेन	केन
പഴത്തോട്, പഴത്തിനാൽ	ആരോട്/എതിനോട്, ആരാൽ/എതിനാൽ
फलाय	कस्मै
പഴത്തിന്	ആർക്ക്/എതിന്
फलात्	कस्मात्
പഴത്തിൽനിന്ന	ആരിൽനിന്ന/എതിൽനിന്ന

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

फलस्य

പഴത്തിന്റെ

कस्य

ആരുടെ/എതിന്റെ

फले

പഴത്തിൽ

कस्मिन्

ആരിൽ/എതിൽ

फल

പഴമേ

---

1. മലയാളത്തിൽ വിഭക്തികൾ :— प्रथमा = നിർദ്ദേശിക; द्वितीय = പ്രതിഗ്രാഹിക; तृतीया = സംയോജിക, പ്രയോജിക; चतुर्थी = ഉദ്ദേശിക; षष्ठी = സംബന്ധിക; सप्तमी = ആധാരിക.

2. अ: (അ:) കാരാന്ത ശബ്ദങ്ങൾ പുല്ലിംഗങ്ങളായിരിക്കും. ഉദാ :— गज:, बालक:, हस्त:, प्रात:, चैत्र:, तण्डुल:, वत्स:, काक:, पटोल:

3. अम् (അം) കാരാന്ത ശബ്ദങ്ങൾ നപുംസകലിംഗങ്ങളായിരിക്കും.

ഉദാ :— फलम्, जलं, नेत्रं, दिनं, गृहं, आम्रं, सुवर्णम्

4. स:, एष:, य: ഈ സർവ്വനാമങ്ങളുടെ രൂപങ്ങളുടെ രൂപം क: യുടെ രൂപം പോലെയാണ്.

ഉദാ :— स:, तं, तेन, तस्मै, तस्मात्, तस्य, तस्मिन्
एष:, एतं, एतेन..........

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

കാരകം-അകാരാന്തം-വാക്യങ്ങളിൽ

अकारान्तशब्दाः वाक्येषु

अहं जनकं नमामि ।
ഞാൻ അച്ഛനെ വണങ്ങുന്നു.

ताडयति माता बालकम् ।
അമ്മ കുട്ടിയെ അടിക്കുന്നു.

कं पश्यसि त्वम् ?
നീ ആരെ നോക്കുന്നു?

केन पत्रं लिखसि ?
എന്തുകൊണ്ട് എഴുത്ത് എഴുതുന്നു ?

मातुलाय फलं आनयामि ।
അമ്മാമൻ പഴം കൊണ്ടുവരുന്നു.

तस्मात् पुस्तकं मा आनय ।
അവന്റെ പക്കൽനിന്ന് പുസ്തകം കൊണ്ടുവരരുത്.

तस्य हस्ते किमस्ति ?
അവന്റെ കയ്യിൽ എന്തുണ്ട് ?

ग्रामात् वैद्यः आगच्छति ।
ഗ്രാമത്തിൽനിന്നു വൈദ്യൻ വരുന്നു.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

വിവേചന സർവ്വനാമം

सार्वनामिकविशेषणम्

सः बालक कुत्र धावति ?
ആ ബാലൻ എവിടേക്ക് ഓടുന്നു ?

सा बालिका का ?
ആ ബാലിക ആരാകുന്നു ?

एतत् फलं मा भक्ष्य ।
ഈ പഴം തിന്നരുതു്.

तत् पुस्तकं न मम ।
ആ പുസ്തകം എന്റേതല്ല.

तं बालकं पश्य ।
ആ ബാലനെ നോക്കൂ.

कस्मात् कक्षादानयसि ?
ഏതു മുറിയിൽനിന്നു കൊണ്ടുവരുന്നു ?

तस्मै बालकाय एषा लेखनी ।
ആ ബാലനുവേണ്ടി ഈ പേന.

एतत्तस्य बालकस्य पुस्तकम् ।
ഇതു് ആ ബാലന്റെ പുസ്തകം.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

एतेन बालकेन सह गृहं व्रज ।

ഈ ബാലന്റെ കൂടെ വീട്ടിലേക്കു് പോക

कस्मिन् पुस्तके सः पाठः वर्तते ?

ഏതു പുസ്തകത്തിൽ ആ പാഠമുണ്ടു് ?

एतस्य फलस्य रसोऽतिमधुरः ।

ഈ പഴത്തിന്റെ രസത്തിനു് നല്ല മധുരമുണ്ടു്.

एतस्मिन् गृहे स वसति ।

ഈ വീട്ടിൽ അവൻ താമസിക്കുന്നു.

यः बालकः तत्र पठति सः कः ?

ഏതു ബാലൻ അവിടെ പഠിക്കുന്നു.

അവൻ ആരാകുന്നു ?

एतेन बालकेन लिखितं पत्रमिदम् ।

ഈ ബാലൻ എഴുതിയ എഴുത്തു്

ഇതാകുന്നു.

സംസ്കൃതത്തിൽ വിവേചക സർവ്വനാമങ്ങൾ നാമത്തെയാണ് വിശേഷിപ്പിക്കുന്നതു്. നാമത്തിന്റെ ലിംഗവചനകാരകമനുസരിച്ചു് വിവേചകസർവ്വനാമങ്ങൾ രൂപഭേദം സ്വീകരിക്കുന്നു

ഉദാ :— सः बालकः ; सा बालिका ; तत् फलम् ; तं बालकम्

സന്ധി :— कक्षादानयसि = कक्षात् + आनयसि

एतत्तस्य = एतत् + तस्य ; रसोऽतिमधुर = रसः + अतिमधुर

पत्रमिदम् = पत्रम् + इदम्

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

വർത്തമാനകാലം-ബഹുവചനം

वर्तमानकाल - बहुवचनम्

ते पठन्ति / लिखन्ति / गच्छन्ति
അവർ/അവ പഠിക്കുന്നു/എഴുതുന്നു/പോകുന്നു

यूयं पठथ / लिखथ / गच्छथ
നിങ്ങൾ പഠിക്കുന്നു/എഴുതുന്നു/പോകുന്നു.

वयं पठामः / लिखामः / गच्छामः
ഞങ്ങൾ പഠിക്കുന്നു/എഴുതുന്നു/പോകുന്നു.

ते संस्कृतं पठन्ति ।
അവർ സംസ്കൃതം പഠിക്കുന്നു.

यूयं ग्रामं गच्छथ ।
നിങ്ങൾ ഗ്രാമത്തിലേക്ക് പോകുന്നു.

वयं ईश्वरं अर्चामः ।
ഞങ്ങൾ ഈശ്വരന് അർച്ചന ചെയ്യുന്നു.

ते तं स्पृशन्ति ।
അവർ അവനെ തൊടുന്നു.

यूयं किन्न धनं अर्जथ ?
നിങ്ങൾ സമ്പത്ത് എന്തിന് സമ്പാദിക്കുന്നില്ല.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

बालका नटन्ति
ആൺകുട്ടികൾ നൃത്തം ചെയ്യുന്നു.

वयं नन्दामः
ഞങ്ങൾ ആനന്ദിക്കുന്നു.

कोकिलाः कूजन्ति
കുയിലുകൾ കൂവുന്നു.

ते न क्रन्दन्ति
അവർ കരയുന്നില്ല.

देवालयस्य घण्टाः ध्वनन्ति
ദേവാലയത്തിന്റെ മണികൾ അടിക്കുന്നു.

साधवो मानवहितार्थं जीवन्ति
ധർമ്മനിഷ്ഠർ മനുഷ്യരുടെ നന്മക്കുവേണ്ടി ജീവിക്കുന്നു

यूयं किं कांक्षथ ?
നിങ്ങൾ എന്ത് ആശിക്കുന്നു.

वयं श्रीरामं नमामः
ഞങ്ങൾ ശ്രീരാമനെ നമസ്കരിക്കുന്നു.

सः पठति (पठ+ति)
त्वम् पठसि (पठ+सि)
अहं पठामि (पठ+आमि)
സന്ധി : किन्न = किम्+न

ते पठन्ति (पठ+न्ति)
यूयं पठथ (पठ+थ)
वयं पठामः (पठ+आमः).

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

കാരകം-അകാരാന്തം-ബഹുവചനം

अकारान्तशब्दा–बहुवचनम्

പുല്ലിംഗം

	നാമം	സർവ്വനാമം
1.	रामाः	के
	രാമന്മാർ	ആരെല്ലാം
2.	रामान्	कान्
	രാമന്മാരെ	ആരെയെല്ലാം
3.	रामैः	कैः
	രാമന്മാരാൽ/ രാമന്മാരോട്	ആരാൽ/ ആരോട്
4.	रामेभ्यः	केभ्यः,
	രാമന്മാൎക്ക്	ആൎക്കെല്ലാം
5.	रामेभ्यः	केभ्यः
	രാമന്മാരിൽനിന്നു	ആരിൽനിന്നെല്ലാം
6.	रामाणाम्	केषाम्
	രാമന്മാരുടെ	ആരുടെയെല്ലാം
7.	रामेषु	केषु
	രാമന്മാരിൽ	ആരിലെല്ലാം

Sri Vidyabharathi Book Centre, Sringeri

നപുംസകലിംഗം

CC-O. In Public Domain. Digitized by eGangotri

	നാമം	സർവ്വനാമം
1.	फलानि	कानि
	പഴങ്ങൾ	ഏവ
2.	फलानि	कानि
	പഴങ്ങളെ	ഏവയെ
3.	फलैः	कैः
	പഴങ്ങളാൽ/	ഏവയിൽ/
	പഴങ്ങളോട്	ഏവയോട്
4.	फलेभ्यः	केभ्यः
	പഴങ്ങൾക്ക്	ഏവക്ക്
5.	फलेभ्यः	केभ्यः
	പഴങ്ങളിൽനിന്നു	ഏവയിൽനിന്നു
6.	फलानाम्	केषाम्
	പഴങ്ങളുടെ	ഏവയുടെ
7.	फलेषु	केषु
	പഴങ്ങളിൽ	ഏവയിൽ

---

1. നപുംസകലിംഗത്തിൽ കർത്താവിൻെറ രൂപവും കർമ്മത്തിൻെറ രൂപവും ഒന്നുപോലെയിരിക്കും. ഇവ പുല്ലിംഗത്തിൻെറ രൂപത്തിൽനിന്നു് വേറെ ആകുന്നു.

2. ബാക്കിയുള്ളവ പുല്ലിംഗത്തിൻെറ രൂപങ്ങൾ പോലെ തന്നെയാണ്.

3. സംപ്രദാനവും അപാദാനവും ഒന്നുപോലെയാകുന്നു.

4. ते, एते, ये ഈ സർവ്വനാമങ്ങളുടെ രൂപത്തിൽ 'के' യിൻെറ രൂപം പോലെയാകുന്നു.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഉദാഹരണ വാക്യങ്ങൾ

उदाहरण-वाक्यानि

बालकाः क्रीडांगणे क्रीडन्ति ।

ആൺകുട്ടികൾ മൈതാനത്തിൽ കളിക്കുന്നു.

बालकान् आह्वय ।

ആൺകുട്ടികളെ വിളിക്കു.

बालकैः सह उपविश ।

ആൺകുട്ടികളുടെകൂടെ ഇരിക്കു

बालकेभ्यः पुस्तकानि ददाति ।

ആൺകുട്ടികൾക്കു് പുസ്തകങ്ങൾ കൊടുക്കുന്നു.

बालकेभ्यः तान् आनय ।

ആൺകുട്ടികളിൽനിന്നു അവയെ കൊണ്ടുവരിക.

बालकानां पुस्तकानि तत्र सन्ति ।

ആൺകുട്ടികളുടെ പുസ്തകങ്ങൾ അവിടെയുണ്ടു്.

एतेषु बालकेषु कः साधुः ?

ഈ ആൺകുട്ടികളിൽ ആരാണു് നല്ലവൻ?

केषां बालकानां पुस्तकानि एतानि ?

ഏതു ആൺകുട്ടികളുടെതാകുന്നു ഈ പുസ്തകങ്ങൾ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

कैः सह वाराणसीं गच्छथ ?

ആരുടെകൂടെ വാരാണസിക്ക് നിങ്ങൾ പോകുന്നു?

सः कानि गृहाणि विक्रीणाति ?

അവൻ ഏതെല്ലാം വീടുകൾ വില്ക്കുന്നു ?

शिक्षकानां कक्षोऽयम् ।

ഇതു് അദ്ധ്യാപകന്മാരുടെ മുറിയാകുന്നു.

ते कपाटानि उद्घाटयन्ति ।

അവർ വാതിലുകളെ തുറക്കുന്നു.

फलानि वृक्षेभ्यः पतन्ति ।

പഴങ്ങൾ മരങ്ങളിൽനിന്നു വീഴുന്നു.

एतान् अश्वान् पश्य ।

ഈ കുതിരകളെ നോക്കു.

സന്ധി :— बालकान्+आह्वय=बालकानाह्वय ।

तान्+आनय=तानानय कक्षोऽयम्=कक्ष+अयम्

एतान्+अश्वान्=एतानश्वान्

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

വിശേഷണം

विशेषणम्

सुन्दरः शिशुः

ഭംഗിയുള്ള ശിശു

सुन्दरी कन्या ।

ഭംഗിയുള്ള കന്യക

सुन्दरं गृहम् ।

ഭംഗിയുള്ള വീട്

सुन्दराः बालकाः ।

ഭംഗിയുള്ള ആൺകുട്ടികൾ.

सुन्दराणि गृहाणि ।

ഭംഗിയുള്ള വീടുകൾ.

अज्ञः पुरुषः ।

അറിവില്ലാത്ത മനുഷ്യൻ.

जटिलाः प्रश्नाः ।

പ്രയാസമുള്ള ചോദ്യങ്ങൾ.

तान् वृक्षान् पश्य ।

ആ മരങ്ങളെ നോക്കുക.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

कृष्णस्य बालकस्य पुस्तकमिदम् ।

ഇതു് കറുത്ത ആൺകുട്ടിയുടെ പുസ്തകം.

अन्धेभ्यो लोकेभ्योऽर्थं ददाति ।

കുരുടന്മാരായ ആളുകൾക്കു ധനം കൊടുക്കുന്നു.

तस्य वस्त्रस्य मूल्यं किम् ?

ആ വസ്ത്രത്തിന്റെ വില എന്താണു് ?

तैः सुशीलैः लोकैः संभाषय ।

ആ സൽസ്വഭാവമുള്ള ആളുകളോടു് സംസാരിക്കുക

तस्य पुस्तकस्य नाम किम् ?

ആ പുസ്തകത്തിന്റെ പേരു് എന്താണു് ?

---

1. സന്ധി :— पुस्तकमिदम = पुस्तकम् इदम्

अन्धेभ्यो लोकेभ्योऽर्थम् = अन्धेभ्यः लोकेभ्यः अर्थम्

2. വിശേഷണങ്ങൾ ഏതു നാമത്തെയാണോ വിശേഷിപ്പിക്കുന്നതു് ആ നാമത്തിന്റെ ലിംഗം, വചനം, കാരകം എന്നിവയെ അവ അനുസരിക്കും.

ഉദാ : 1. ലിംഗം— सुन्दरः सुन्दरी बालिका; बालकः ; सुन्दरं गृहम्

2. വചനം :— सुन्दरः बालकः सुन्दराः बालकाः

सुन्दरं गृहम् = सुन्दराणि गृहाणि

3. കാരകം— सुन्दरं बालकम् , सुन्दरेण बालकेन,

सुन्दरस्य बालकस्य

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

അഭ്യാസം 2

अभ्यासः–2

I. പൂരിപ്പിക്കുക—

1. सः पाठ — ।
2. अहं लिख — ।
3. ते व्रज — ।
4. यूयं हस — ।
5. यूयं मा पिब — ।
6. त्वं जप — ।
7. वयं स्मर — ।
8. कः धाव — ।
9. के कथय — ।
10 किं पत — ।

II. ശരിയായുള്ള സര്‍വ്വനാമം എഴുതുക—

1. — गच्छन्ति ।
2. — भवामि ।
3. — स्मरसि ।
4. — हसथ ।
5. — रचयामः ।
6. — आनयति ।

III. സംസ്കൃതത്തിൽ തർജ്ജമ ചെയ്യുക—

1. കറുത്ത ആൺകുട്ടി
2. കറുത്ത പെൺകുട്ടി
3. കറുത്ത വസ്ത്രം
4. കറുത്ത ആൺകുട്ടികൾ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

5. കറുത്ത ആൺകുട്ടിയുടെ
6. കറുത്ത ആൺകുട്ടിക്ക്
7. കറുത്ത വസ്ത്രങ്ങൾ
8. കറുത്ത വസ്ത്രങ്ങളിൽ
9. ആ ആൺകുട്ടിയുടെ
10. ആ മരങ്ങളിൽ

IV തിരുത്തുക—

1. अहं व्रजति ।
2. ते धावाम: ।
3. यूयं लिखसि ।
4. त्वं गच्छत ।
5- सुन्दर: बालकेन ।
6. जटिलानि प्रश्ना:
7. पञ्चमे कक्ष:
8. तत् वृक्षेषु
9. एतत् कृष्ण: बालकस्य
10. अन्धेभ्य: पुरुषेण

V. സന്ധിചേർക്കുക—

1. पुत्र: + अयम्
2. पत्रं + इदम्
3. गृहात् + आनय
4. अन्धेभ्य: + बालकेभ्य:
5. तान् + आनय
6. स: + अयम्

—: * :—

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഭാവികാലം

भविष्यकाल

വർത്തമാനം	ഭാവികാലം
सः पठति	सः पठिष्यति
അവൻ പഠിക്കുന്നു.	അവൻ പഠിക്കും
त्वं पठसि	त्वं पठिष्यसि
നീ പഠിക്കുന്നു.	നീ പഠിക്കും
अहं पठामि	अहं पठिष्यामि
ഞാൻ പഠിക്കുന്നു.	ഞാൻ പഠിക്കും
ते पठन्ति	ते पठिष्यन्ति
അവർ പഠിക്കുന്നു.	അവർ പഠിക്കും
यूयं पठथ	यूयं पठिष्यथ
നിങ്ങൾ പഠിക്കുന്നു	നിങ്ങൾ പഠിക്കും
वयं पठामः	वयं पठिष्यामः
ഞങ്ങൾ പഠിക്കുന്നു.	ഞങ്ങൾ പഠിക്കും

1. (a) ധാതു (വിധി) + പ്രത്യയം = വർത്തമാനകാലം

   ഉദാ: पठ + ति = पठति

   पठ + सि = पठसि

   लिख + ति = लिखति

   (b) ധാതു (വിധി) + ഇഷ്യ + പ്രത്യയം = ഭാവികാലം

   पठ + इष्य + ति = पठिष्यति

   चल + इष्य + ति = चलिष्यति

2. സംസ്കൃതത്തിൽ പുരുഷനാലും വചനത്തിനാലും ക്രിയയിൽ രൂപഭേദം ഉണ്ടാകുന്നു. മലയാളത്തിൽ രൂപഭേദം ഉണ്ടാകുന്നില്ല.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ചില ക്രിയാപദങ്ങൾ

कतिपयानि क्रियापदानि

വിധി	വർത്തമാനകാലം	ഭാവികാലം
त्वं पठ	त्वं पठसि	त्वं पठिष्यसि
നീ പഠിക്കു	നീ പഠിക്കുന്നു	നീ പഠിക്കും
भव	भवसि	भविष्यसि
ആകു	ആകുന്നു	ആകും
भर	भरसि	भरिष्यसि
നിറക്കു	നിറക്കുന്നു	നിറക്കും
ज्वल	ज्वलसि	ज्वलिष्यसि
എരിയു	എരിയുന്നു	എരിയും
खेल	खेलसि	खेलिष्यसि
കളിക്കു	കളിക്കുന്നു	കളിക്കും
याच	याचसि	याचिष्यसि
യാചിക്കു	യാചിക്കുന്നു	യാചിക്കും
शोच	शोचसि	शोचिष्यसि
ആലോചിക്കു	ആലോചിക്കുന്നു	ആലോചിക്കും
वर्ष	वर्षसि	वर्षिष्यसि
മഴ പെയ്യു	മഴ പെയ്യുന്നു	മഴ പെയ്യും
मिल	मिलसि	मेलिष्यसि
സന്ദർശിക്കു	സന്ദർശിക്കുന്നു	സന്ദർശിക്കും

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

नृत्य	नृत्यसि	नर्तिष्यसि, नर्त्स्यसि
നൃത്തം ചെയ്യു	നൃത്തം ചെയ്യുന്നു	നൃത്തം ചെയ്യും
इच्छ	इच्छसि	एषिष्यसि
ആശിക്കു	ആശിക്കുന്നു	ആശിക്കും
गणय	गणयसि	गणयिष्यसि
എണ്ണു	എണ്ണുന്നു	എണ്ണും
गच्छ	गच्छसि	गमिष्यसि
പോ	പോകുന്നു	പോകും
पच	पचसि	पक्ष्यसि
പാകം ചെയ്യു	പാകം ചെയ്യുന്നു	പാകം ചെയ്യും
नम	नमसि	नंस्यसि
കുനിയു	കുനിയുന്നു	കുനിയും
त्यज	त्यजसि	त्यक्ष्यसि
വിടു	വിടുന്നു	വിടും

1. ധാതുവിന്റെ അന്ത്യത്തിൽ ഇകാരമോ ഇകാരാന്ത്യ വ്യഞ്ജനമോ ഉണ്ടായാൽ ഭാവികാലത്തിൽ അതു 'ഏ'കാരമായിമാറും

ഉദാ :— मिल — मिलसि — मिलिष्यसि > मेलिष्यसि

लिख — लिखसि — लिखिष्यसि > लेखिष्यसि

इच्छ — इच्छसि — इच्छिष्यसि > एषिष्यसि

2. 'ഋ' 'അർ' എന്നായി മാറുന്നു.

नृत्यसि — नृतिष्यसि > नर्तिष्यसि

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

वस	वससि	वत्स्यति
വസിക്ക	വസിക്കുന്നു	വസിക്കും
गाय	गायसि	गास्यति
പാടു	പാടുന്നു	പാടും
पश्य	पश्यसि	द्रक्ष्यसि
നോക്കു	നോക്കുന്നു	നോക്കും
पिब	पिबसि	पास्यसि
കുടിക്ക	കുടിക്കുന്നു	കുടിക്കും
तिष्ठ	तिष्ठसि	स्थास्यसि
താമസിക്ക	താമസിക്കുന്നു	താമസിക്കും
भज	भजसि	भक्ष्यसि
ഭജിക്ക	ഭജിക്കുന്നു	ഭജിക്കും
नयं	नयसि	नेष्यसि
കൊണ്ടുപോകു	കൊണ്ടുപോകുന്നു	കൊണ്ടുപോകും

‘इष्य’ യുടെ ‘इ’ പ്രത്യയം ചില ക്രിയാധാതുക്കളോടു ചേരുന്നില്ല. ‘इष्य’ പ്രത്യയം ചേരുന്ന ധാതു ‘सेद’ എന്നും ‘स्य’ പ്രത്യയം ചേരുന്ന ധാതു ‘अनिद’ എന്നും ‘इष्य’ യും ‘स्य’ യും ചേരുന്ന ധാതു ‘वेद’ എന്നും പറയിപ്പിക്കാം.

ഉദാ:— सेद : पठ + इष्य + सि = पठिष्यसि

लिख + इष्य + सि = लिखिष्यसि > लेखिष्यसि

अनिद : वस + स्य + सि = वत्स्यसि

नम + स्य + सि = नंस्यसि

वेद : नृत्य + इष्य + सि = नर्तिष्यसि ;

नृत्य + स्य + सि = नर्त्स्यसि

वेद + इष्य + सि = वेदिष्यसि ;

वेद + स्य + सि = वेत्स्यसि

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഭാവികാലം—വാക്യങ്ങൾ

भविष्यत्कालवाक्यानि

अहं संस्कृतं पठिष्यामि ।
ഞാൻ സംസ്കൃതം പഠിക്കും

त्वं श्वः कुत्र गमिष्यसि ?
നീ നാളെ എവിടെ പോകും ?

तेऽद्यागमिष्यन्ति ।
അവർ ഇന്നു് വരും.

भृत्यो भारं वक्ष्यति.
ഭൃത്യൻ ഭാരം ചുമക്കും.

बालकाः कदा खेलिष्यन्ति ?
ആൺകുട്ടികൾ എപ്പോൾ കളിക്കും ?

इत्थं किमर्थं याचिष्यथ ?
ഇങ്ങനെ എന്തിനു് (നിങ്ങൾ)യാചിക്കും ?

परश्वोऽत्र वर्षिष्यति ।
മററന്നാൾ ഇവിടെ മഴ പെയ്യും.

प्रातः देवालये मेलिष्यामः ।
പ്രഭാതത്തിൽ ദേവാലയത്തിൽ (നാം) സന്ദർശിക്കും.

रजको वस्त्राणि श्वः आनेष्यति ।
അലക്കകാരൻ തുണികളെ നാളെ കൊണ്ടുവരും.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

एतत् कथं नेष्यसि ?

ഇതിനെ എങ്ങിനെ കൊണ്ടുപോകും.

अहं किमपि न एषिष्यामि ।

ഞാൻ ഒന്നും ആശിക്കുകയില്ല

वयं सज्जनान् नंस्यामः ।

ഞങ്ങൾ മാന്യരെ നമസ്കരിക്കും.

यूयं अत्रैव वत्स्यथ किम् ?

നിങ്ങൾ ഇവിടെത്തന്നെ താമസിക്കുമൊ ?

सः तत्रैव स्थास्यति ।

അവൻ അവിടെത്തന്നെ താമസിക്കും

त्वां सायं द्रक्ष्यामि ।

(ഞാൻ) നിന്നെ വൈകുന്നേരം കാണും

സന്ധി :—तेऽद्यागमिष्यन्ति = ते + अद्य + आगमिष्यन्ति ;

भृत्योभारं = भृत्यः + भारम् ;

किमर्थम = किम् + अर्थम ;

परश्वोऽत्र = परश्वः + अत्र ;

किमपि = किम् + अपि ;

अत्रैव = अत्र + एव ;

तत्रैव = तत्र + एव ।

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

കാരകം-സ്ത്രീലിംഗം-ആകാരാന്തം

ഏകവചനം

आकारान्तशब्दाः—स्त्रीलिंगेकवचनम्

लता	का	सा
ലതാ	ആരു, ഏവൾ	അവൾ
लताम्	काम्	ताम्
ലതയെ	ആരെ ഏവളെ	അവളെ
लतया	कया	तया
ലതയിനാൽ	ആരാൽ, ഏവളാൽ	അവളാൽ
लतायै	कस्मै	तस्मै
ലതയ്ക്കു്	ആർക്കു്	അവൾക്ക്
लतायाः	कस्याः	तस्याः
ലതയിൽനിന്നു്	ആരിൽനിന്നു	അവളിൽനിന്നു
लतायाः	कस्याः	तस्याः
ലതയുടെ	ആരുടെ	അവളുടെ
लतायाम्	कस्याम्	तस्याम्
ലതയിൽ	ആരിൽ	അവളിൽ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

तस्याः कन्यया सह गास्यति ।

അവന്റെ പുത്രിയോടുകൂടി (അവൾ) പാടും

लतायै तत् पुस्तकं ददामि ।

ലതയ്ക്കു് ആ പുസ്തകം (ഞാൻ) കൊടുക്കുന്നു.

कस्मै कन्यायै इदं दास्यसि ?

ഏതു പുത്രിക്കു് ഇതു് കൊടുക്കും ?

लते, कुत्रासि ?

ലതേ, നീ എവിടെയാണു് ?

तां मालां पश्य ।

ആ മാലയെ നോക്കു.

द्राक्षायाः रसोऽतीवो मधुरः ।

മുന്തിരിങ്ങാപ്പഴത്തിന്റെ ചാറു് വളരെ മധുരമാണു്.

तस्यां छायायां उपविश ।

ആ നിഴലിൽ ഇരിക്കു.

सा कस्याः पुत्री ?

അവൾ ആരുടെ പുത്രിയാകുന്നു ?

---

1. 'लता' വിന്റെ സംബോധന കാരകം 'लते' എന്നാകുന്നു.
2. സന്ധി: रस + अतीव = रसोऽतीव
   छायायां + उपविश = छायायामुपविश

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

അഭ്യാസം-3

I. ഭാവികാലത്തിൽ എഴുതുക—

1. अहं कथयामि
2. ते गच्छन्ति
3. वयं हसामः
4. सः लिखति
5. यूयं इच्छथ
6. नमामि
7. त्वं नयसि
8. राम पिबति
9. ते त्यजन्ति

II. സംസ്കൃതത്തിൽ തർജ്ജമ ചെയ്യുക—

1. അവന്റെ
2. അവളുടെ
3. എവന്റെ
4. എതിന്റെ
5. രാമനിൽനിന്നു
6. രമയിൽനിന്നു
7. ആരെ
8. സീതയ്ക്കു്
9. എവൾക്കു്
10. ബാലന്മാരുടെ
11. വീടുകൾ
12. മരത്തിൽനിന്നു.

III. सः, तत् ഈ സർവ്വനാമങ്ങളെ സാർവ്വനാമികവിശേഷണങ്ങളാക്കി എഴുതുക.

1. — बालकस्य
2. — गृहात्
3. — गजे
4. — अश्वानाम्
5. — रामाय
6. — ईश्वरम्
7. — वृक्षेभ्यः
8. — पत्राणि
9. — फलैः

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

IV. തിരുത്തുക—

(a) 1. वयं हसिष्यामि 3. यूयं लिखसि 5. ते कथयिष्यति

2. त्वं पिबिष्यसि 4. अहं पठिष्यामः 6. कः आगमिष्यसि

(b) 1. तत् बालकस्य, 3. सः रामस्य 5. तत् पत्रैः

2. सः गृहाणि 4. कः अश्वात् 6. सः गोपालम्

V. സംസ്കൃതത്തിൽ തർജ്ജമ ചെയ്യുക—

1. ചുവപ്പു പുസ്തകത്തിലുണ്ട്
2. ചൂടുള്ള വെള്ളത്തിൻെറ
3. അറിവില്ലാത്ത സ്ത്രീ
4. ആ പാലിൽ
5. കറുത്ത കതിരകളുടെ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

നിമിത്താർത്ഥക കൃദന്തവും

പൂർവ്വകാലിക കൃദന്തവും

निमित्तकालिककृदन्ताः पूर्वकालिककृदन्ताश्च

सः पठितुं पाठशालां गच्छति ।

അവൻ പഠിക്കവാൻ പള്ളിക്കൂടം പോകുന്നു.

सः पठित्वा अत्रागच्छति ।

അവൻ പഠിച്ചിട്ട് ഇവിടെ വരുന്നു.

अहं गृहं गन्तुमिच्छामि ।

ഞാൻ വീട്ടിൽ പോകുവാൻ ആഗ്രഹിക്കുന്നു.

गृहं गत्वा तत्रैव तिष्ठ ।

വീട്ടിൽ പോയിട്ട് അവിടെത്തന്നെ താമസിക്കുക.

ते क्रीडितुं धावन्ति

അവർ കളിക്കവാൻ ഓടുന്നു.

ते क्रीडित्वा कुत्र गमिष्यन्ति ।

അവർ കളിച്ചിട്ട് എവിടെ പോകും.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

तं मिलित्वा सर्वं कथयिष्यामि ।
അവനെ സന്ദർശിച്ച് എല്ലാം പറയും.

कपाटं पिधाय स्वपिति ।
വാതിൽ അടച്ച് ഉറങ്ങുന്നു.

तत्र गत्वा तं पश्य ।
അവിടെ പോയി അവനെ നോക്കുക.

अत्र आगत्य एतान् पश्य ।
ഇവിടെ വന്നു ഇവരെ നോക്കുക

त्वं सुप्त्वा सायमागच्छ ।
നീ ഉറങ്ങീട്ട് വൈകുന്നേരം വരിക

गन्तुं समयोऽयम् ।
പോകുവാൻ സമയമായി

സന്ധി: अत्रागच्छति = अत्र + आगच्छति ;
गन्तुमिच्छामि = गन्तुं इच्छमि ; तत्रैव = तत्र + एव ;
अत्र+आगत्य=अत्रागत्य; सायमागच्छ=सायं+आगच्छ;
समयोऽयम् = समयः + अयम् ।

1. നിമിത്താർത്ഥകകൃദന്തം—രണ്ടു ക്രിയകളുടെ ഒരു കർത്താവായിൽ നിമിത്താർത്ഥകബോധകധാതുവിനോടുകൂടി 'तुम्' പ്രത്യയം ചേരും.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഉദാ— स्ना + तुम् = स्नातुम् (കുളിക്കുവാൻ);
गम + तुम् = गन्तुम् (പോകുവാൻ)

'सेट्' ധാതുകളിൽ 'तुम्' പ്രത്യയത്തിന്റെ മുമ്പിൽ 'इ' പ്രത്യയം ചേരും.

ഉദാ— पठ + तुम् = पठ + इ + तुम् = पठि + तुम्
= पठितुम् (പഠിക്കുവാൻ)

2. പൂർവ്വകാലിക ധാതുവിന്റെകൂടെ 'त्वा' പ്രത്യയം ചേരും.

ഉദാ— स्ना + त्वा = स्नात्वा (കുളിച്ചിട്ട്);
गम + त्वा = गत्वा (പോയിട്ട്)

'सेट्' ധാതുകളിൽ 'त्वा' പ്രത്യയത്തിന്റെ മുൻ ധാതുവിൻ 'इ' പ്രത്യയം ചേരും.

ഉദാ— पठ् + त्वा = पठ् + इ + त्वा = पठित्वा (പഠിച്ചിട്ട്)

ഉപസർഗമുള്ള ധാതുവിനോടുകൂടി त्वा വരില്ല. അവിടെ 'य' വരും.

ഉദാ — आ + गम् + त्वा > आ + गम् + य > आगम् + य = आगम्य
(വന്നിട്ട്) प्र + विश् + त्वा > प्र + विश् + य = प्रविश्य
(ഉള്ളിൽ കടന്നിട്ട്)

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

കാരകം-ആകാരാന്തം-സ്ത്രീലിംഗം

ബഹുവചനം

अकारान्तस्त्रीलिंगबहुवचनशब्दः

1.	लताः	काः	— अः
	ലതകൾ	ആർ	
2.	लताः	काः	— अः
	ലതകളെ	ആരെ	
3.	लताभिः	काभिः	— भिः
	ലതകളാൽ/ളോട്°	ആരാൽ/രോട്°	
4.	लताभ्यः	काभ्यः	— भ्यः
	ലതകൾക്ക്°	ആർക്ക്°	
5.	लताभ्यः	काभ्यः	— भ्यः
	ലതകളിൽനിന്നു	ആരിൽനിന്നു	
6.	लतानाम्	कासाम्	— आम् (नाम)
	ലതകളുടെ	ആരുടെ	
7.	लतासु	कासु	— सु
	ലതകളിൽ	ആരിൽ	

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

सा गंगाया आत्मजा ।

അവൾ ഗംഗയുടെ പുത്രിയാകുന്നു.

ताः कन्याभ्यः माला ।

അവ കന്യകകളുടെ മാലകൾ

इयं बालिकानां पाठशाला ।

ഇതു് പെൺകുട്ടികളുടെ പള്ളിക്കൂടമാകുന്നു.

एतासु बालिकासु सा रम्या ।

ഈ പെൺകുട്ടികളിൽ അവൾ അഴകുള്ളവൾ

ललनाभिः सह मा तिष्ठ ।

സ്ത്രീകളുടെകൂടെ താമസിക്കരുതു്.

कासाम् शाटिका एषा ?

ഇവ ആരുടെ സാരികൾ ആകുന്നു:

ताभिर्वार्त्ताभिर्नन्दामि ।

ആ വാർത്തകളാൽ ഞാൻ സന്തോഷിക്കുന്നു.

शिक्षाभिरज्ञानं नश्यति ।

വിദ്യയാൽ അറിവില്ലായ്മ നശിക്കുന്നു.

द्राक्षाभ्यः रसं निश्चोतयसि ।

മുന്തിരിങ്ങാപ്പഴങ്ങളിൽനിന്നു ചാറെടുക്കുന്നു.

സന്ധി— ताभिर्वार्त्ताभिर्नन्दामि = ताभिः + वार्त्ताभिः + नन्दामि ;
शिक्षाभिरज्ञानम् = शिक्षाभिः + अज्ञानम् ।

വ്യത്യാസം :- പു. ലി. कैः   സ്ത്രീ. ലി. काभिः ;
बालकैः   बालिकाभिः ऐः > भिः
केषाम्   कासाम्
केषु   कासु ष > सु

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഭൂതകാലം

भूतकालः (अनद्यतनः)

വർത്തമാനകാലം	ഭൂതകാലം
सः पठति അവൻ പഠിക്കുന്നു	सः अपठत् (सोऽपठत्) അവൻ പഠിച്ചു
त्वं पठसि നീ പഠിക്കുന്നു	त्वं अपठः (त्वमपठः) നീ പഠിച്ചു
अहं पठामि ഞാൻ പഠിക്കുന്നു	अहं अपठम् (अहमपठम्) ഞാൻ പഠിച്ചു
ते पठन्ति അവർ പഠിക്കുന്നു.	ते अपठन् (तेऽपठन्) അവർ പഠിച്ചു
यूयं पठथ നിങ്ങൾ പഠിക്കുന്നു	यूयं अपठत (यूयमपठत) നിങ്ങൾ പഠിച്ചു
वयं पठामः ഞങ്ങൾ പഠിക്കുന്നു	वयं अपठाम (वयमपठाम) ഞങ്ങൾ പഠിച്ചു
खादति — अखादत् തിന്നു	रक्षति — अरक्षत् കാത്തു
पश्यति — अपश्यत കണ്ടു	भ्रमति — अभ्रमत् ചുററി

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

धावति — अधावत्
ഓടി

द्रवति — अद्रवत्
ഉരുകി

लिखति — अलिखत्
എഴുതി

स्रवति— अस्रवत
ഒഴുകി

फलति — अफलत्
കായ്ച്ചു

वपति — अवपत्
വിതച്ചു

धरति — अधरत्
പിടിച്ചു

जयति — अजयत्
ജയിച്ചു

अर्जति — आर्जत्
സമ്പാദിച്ചു

दहति — अदहत्
ദഹിപ്പിച്ചു

नन्दति — अनन्दत्
പ്രസന്നമായി

विशति — अविशत्
പ്രവേശിച്ചു

ഭൂതകാലത്തിൽ (അനദ്യതനം) ക്രിയാപദത്തിന്റെ മുന്നിൽ 'अ' ചേരും.

വർത്തമാനകാലം = पठ + ति = पठति (പഠിക്കുന്നു)
ഭൂതകാലം = अ + पठ + त = अपठत् (പഠിച്ചു)
खादति, लिखति, द्रवति, जयति,

खादति लिखति, द्रवति, जयति, ഇവകളെ എല്ലാം പുരുഷ വചനങ്ങളിലും എഴുതി അഭ്യസിക്കുക.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഉദാഹരണ വാക്യങ്ങൾ

(उदाहरणवाक्यानि)

गौः तृणमचरत् ।

പശു പുല്ലു തിന്നുന്നു.

बालिकाः कुत्रागच्छन् ?

പെൺകുട്ടികൾ എവിടെ പോയി?

वाल्मीकिः रामायणमलिखत् ।

വാല്മീകി രാമായണം എഴുതി.

यूयं ह्यः कुत्रागच्छ ?

നിങ്ങൾ ഇന്നലെ എവിടെ പോയി ?

गोपो दुग्धं न आनयत् ।

ഇടയൻ പാലു കൊണ്ടുവന്നില്ല.

त्वं किमर्थं पत्रमिदमलिखः ।

നീ എന്തിനു ഈ എഴുത്ത് എഴുതി?

वयं तत्र तान्न अपश्याम ।

ഞങ്ങൾ അവരെ അവിടെ കണ്ടില്ല.

तत् पुस्तकं मामभिलत् ।

ആ പുസ്തകം എനിക്ക് കിട്ടി.

रामो रावणमजयत् ।

രാമൻ രാവണനെ ജയിച്ചു

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

सीतायाः पुत्रो धनमर्जयत् ।

സീതയുടെ പുത്രൻ ധനം സമ്പാദിച്ചു

पिता पुत्रमवदत्

അച്ഛൻ പുത്രനോട് പറഞ്ഞു.

तानि फलानि अफलन् ।

ആ പഴങ്ങൾ കായ്ച്ചു.

कृषको धान्यानि अवपत्

കൃഷിക്കാരൻ വിത്തുകൾ വിതച്ചു

अहं मलयालमवदम् ।

ഞാൻ മലയാളം സംസാരിച്ചു.

സന്ധി :— तृणमचरत् = तृणं + अचरत् ;
कुत्रागच्छन् = कुत्र + अगच्छन् ;
रामायणमलिखत् = रामायणं + अलिखत् ;
कुत्रागच्छत् = कुत्र + अगच्छत् ;
न + आनयत् = नानयत् ;
पत्रमिदमलिखः = पत्रं + इदं + अलिखः ;
तान्न = तान् + न ;
तान्न + अपश्याम + तान्नापश्याम ;
मामभिलत् = मां + अमिलत् ;
रावणमजयत् = रावणं + अजयत् ;
धनमर्जयत् = धनं + आर्जयत् ;
कृषकं धान्याति = कृषकः धान्यानि ;
मलयालमवदम् = मलयालं + अवदम ।

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

കാരകം-സർവ്വനാമങ്ങൾ

सर्वनामशब्दाः

1.	अहम्	त्वम्
	ഞാൻ	നീ
2.	मां-मा	त्वं-त्वा
	എന്നെ	നിന്നെ
3.	मया	त्वया
	എന്നാൽ	നിന്നാൽ
4,	मह्यं-मे	तुभ्यं ते
	എനിക്ക്	നിനക്ക്
5.	मत्	त्वत्
	എന്നിൽനിന്ന്	നിന്നിൽനിന്ന്
6.	मम-मे	तव-ते
	എന്റെ	നിന്റെ
7.	मयि	त्वयि
	എന്നിൽ	നിന്നിൽ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

वयम्	यूयम्
ഞങ്ങൾ	നിങ്ങൾ
अस्मान्-नः	युष्मान्-वः
ഞങ്ങളെ	നിങ്ങളെ
अस्माभिः	युष्माभिः
ഞങ്ങളാൽ	നിങ്ങളാൽ
अस्मभ्यम्-नः	युष्मभ्यम्-वः
ഞങ്ങൾക്കു്	നിങ്ങൾക്കു്
अस्मत्	युष्मत्
ഞങ്ങളിൽനിന്നു്	നിങ്ങളിൽനിന്നു്
अस्माकम्	युष्माकम्
ഞങ്ങളുടെ	നിങ്ങളുടെ
अस्मासु	युष्मासु
ഞങ്ങളിൽ	നിങ്ങളിൽ

---

1. कः, का ഇവകളുടെ കാരകങ്ങളോടു് अहम्, त्वम् ഇവകളുടെ കാരകങ്ങൾക്കുള്ള സാദൃശ്യം നോക്കുക.

2. मा, मे, त्वा, ते, नः, वः ഇവ വാക്യത്തിന്റെ ആദ്യത്തിൽ വരില്ല. മദ്ധ്യത്തിൽ മാത്രം വരും.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഉദാഹരണ വാക്യങ്ങൾ

उदाहरणवाक्यानि

अहं अध्यापकोऽस्मि ।

ഞാൻ അധ്യാപകനാകുന്നു.

अहं त्वां शिक्षयामि ।

ഞാൻ നിന്നെ പഠിപ്പിക്കുന്നു.

त्वया सह सोऽपि आगच्छत् ।

നിന്നോടുകൂടി അവനും വന്നു.

युष्मत्पुस्तकानि अनयत् ।

നിങ്ങളിൽനിന്നു (അവൻ) പുസ്തകങ്ങളെ കൊണ്ടുപോയി.

एतत् चित्रं तुभ्यं दास्यामि ।

ഈ ചിത്രം നിനക്കു തരുന്നു.

माता मे प्रातोऽगच्छत् ।

എന്റെ അമ്മ രാവിലെ പോയി

पुस्तकं मह्यमदत्वा कथं पठिष्यसि ?

പുസ്തകം എനിക്കു തന്ന (നീ) എങ്ങിനെ പഠിക്കും ?

युष्मान् द्रष्टुमत्रागच्छम् ।

നിങ്ങളെ കാണുവാൻ (ഞാൻ) ഇവിടെ വന്നു.

अस्मासु कः संस्कृतं न जानति ?

ഞങ്ങളിൽ ആർക്കും സംസ്കൃതം അറിയില്ല.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

तव पाठशालायां किं पाठयन्ति ?
നിൻെറ പള്ളിക്കൂടത്തിൽ എന്തു പഠിപ്പിക്കുന്നു

एतानि नास्माकम् ।
ഇവ ഞങ്ങളുടേതല്ല.

किं तत्र गत्वा तां द्रक्ष्यसि ?
അവിടെ പോയി അവളെ കാണുമോ ?

मयि न किमपि दोषो वर्तते ।
എന്നിൽ ഒരു ദോഷവും ഇല്ല.

अस्माभिः एते नर्तिष्यन्ति ।
ഞങ്ങളോടുകൂടി ഇവർ നൃത്തം ചെയ്യും.

तव भ्राता मया सह पठति ।
നിൻെറ സഹോദരൻ എൻെറകൂടെ പഠിക്കുന്നു.

സന്ധി :— अहं + अध्यापकः = अहमध्यापकः ;
अध्यापकोऽस्मि = अध्यापकः अस्मि ;
सोऽपि = सः अपि ;
प्रातोऽगच्छत् = प्रातः अगच्छत् ;
द्रष्टुमत्रागच्छम् = द्रष्टुं अत्र आगच्छम् ;
नास्माकम् = न अस्माकम् ;
दोषो वर्त्तते = दोषः वर्त्तते ;
अस्माभिः एते = अस्माभिरेते ।

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

സന്ധി - 2

सन्धिः-2

तत्रैव तिष्ठ ।

അവിടെത്തന്നെ താമസിക്കു്

अत्रैव किमकरोत् ?

ഇവിടെത്തന്നെ എന്തു ചെയ്തു ?

सा सदैव संस्कृतमेव पठति ।

അവൾ എല്ലായ്പ്പോഴും സംസ്കൃതം തന്നെ പഠിക്കുന്നു.

तैः सुशीलैर्लोकैः सह संभाषय ।

ആ സൽസ്വഭാവമുള്ള ആളുകളോടു സംഭാഷണം ചെയ്യുക

लताभिरलंकरोति ।

ലതകളെകൊണ്ടു് അലങ്കരിക്കുന്നു.

छायाभिर्लभते सुखम् ।

നിഴലിനാൽ സുഖം ലഭിക്കുന്നു.

रामादानय ।

രാമനിൽനിന്നു കൊണ്ടു വരിക.

राक्षसैर्देवा अंयुध्यन्त ।

രാക്ഷസന്മാരുമായി ദേവന്മാർ യുദ്ധം ചെയ്തു.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

गृहादागच्छति ।

വീട്ടിൽനിന്നു വരുന്നു.

---

1. അ, ആ ഇവകൾ പൂർവ്വമായി ഏ, ഐ, ഓ, ഔ ഇവ വന്നാൽ ഐ, ഔ ആദേശം വരുന്നു.

ഉദാ :— अ + ए = ऐ   आ + ए = ऐ

तत्र + एव = तत्रैव   सदा + एव = सदैव

अत्र + एव = अत्रैव   महा + ओषधम् = महौषधम्

2. പദാന്ത്യത്തിലുള്ള ദൃഢങ്ങൾക്കു സന്ധിയിൽ ആദേശം വരും. അതായത് ക, ച, ട, ത, പ, ഇവകൾ പൂർവ്വമായി സ്വരവർണ്ണമോ, വർഗ്ഗത്തിൽ മൂന്നാമത്തേതോ, നാലാമത്തേതോ വർണ്ണമോ, യ, ര, ല, വ, ഹയോ വന്നാൽ ക, ച, ട, ത, പ ഇവ ഗ, ജ, ഡ, ദ, ബ എന്നാകും.

ഉദാ :— रामात् + आनय > रामाद् + आनय = रामादानय

वाक् + ईशः > वाग् + ईशः = वागीशः

3. വിസർഗ്ഗത്തിന്റെ മുമ്പ് അ, ആ ഇവയെ ഒഴിച്ച് വേറെ ഏതെങ്കിലും ഒരു സ്വരം വന്നു അതിന് പരമായി സ്വരമോ വർഗ്ഗത്തിന്റെ മൂന്നാമത്തേയോ അല്ലെങ്കിൽ അഞ്ചാമത്തെ വർണ്ണമോ യ, ര, ല, വ, ഹ ഇവയിൽ ഒന്നോ വന്നാൽ വിസർഗ്ഗം 'ര്' ആകും.

ഉദാ :— सुशीलैः + लोकैः > सुशालैर् + लोकैः = सुशीलैर्लोकैः

राक्षसैः + देवाः > राक्षसैर् + देवाः = राक्षसैर्देवाः

लताभिः + अलंकरोति > लताभिर् + अलंकरोति = लताभिरलंकरोति

छायाभिः लभते > छायाभिर् + लभते = छायाभिर्लभते

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

അഭ്യാസം-4

अभ्यास-4

I. നിമിത്താത്ഥകകൃദന്തമായും മാററി എഴുതുക—

1. पठति, लिखति, स्नाति, मिलति, आगच्छति, पश्यति, गच्छति, भवति, करोति,

II. സംസ്കൃതത്തിൽ തർജ്ജമ ചെയ്യുക—

(1) ബാലൻെറ — ബാലികയുടെ
(2) ബാലന്മാരിൽ — ബാലികമാരിൽ
(3) ആരാൽ — ആരൊക്കെയാൽ (ബഹു.)
(4) അവനിൽനിന്ന — അവളിൽനിന്ന്
(5) അവന — എനിക്ക്
(6) എന്നെ — ഞങ്ങളെ
(7) നിന്നിൽനിന്ന — നിങ്ങളിൽനിന്ന
(8) ഇവളുടെ — എൻെറ
(9) നിൻെറ — ആരുടെ
(10) നിങ്ങളെ — ഞങ്ങളെ

III. സംസ്കൃതത്തിൽ തജ്ജമ ചെയ്യുക —

ഞാൻ പിടിക്കുന്നു—പിടിക്കും—പിടിച്ചു—
പിടിച്ചിട്ട്—പിടിക്ക്

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

അവൾ കുടിക്കുന്നു—കുടിക്കും—കുടിച്ചു—
കുടിച്ചിട്ട്—കുടിക്ക്

അവർ ആടുന്നു—ആടും—ആടി—ആടിയിട്ട്—ആട്

നീ എണ്ണുന്നു—എണ്ണും—എണ്ണി

ഞങ്ങൾ ഓടുന്നു—ഓടും—ഓടി

IV. തിരുത്തുക—

1. भार्याय अर्ध ददाति
2. पुस्तकान् आनय
3. ललनाम् मा पश्य
4. लतेषु पुष्पाः वर्त्तन्ते
5. अहं मलयालं अपठत्
6. ते ग्रामं अगच्छथ
7. त्वं लतात् आनयत्
8. मालास्य पुस्तकम् अयं

V. സന്ധിചേർക്കുക—

1. ते + अपठन्
2. क्रीडितुम् + अगच्छति
3. माम् + अपश्यत्
4. रामैः + ऋषिः
5. फलैः + आम्रम्
6. फलात् + शम
7. गृहात् + आगच्छति
8. रम्याभि + लताभिः
9. शिक्षाभि + अज्ञानम्
10. ताभिः + वार्त्ताभिः

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

'അസ്' ധാതു മൂന്നു കാലങ്ങളിൽ

'अस्' धातुः—त्रिषु कालेषु

വർത്തമാനകാലം—

सः अस्ति=അവൻ ഉണ്ട് (ആകുന്നു)   ते सन्ति=അവർ ഉണ്ട്

त्वं असि=നീ ഉണ്ട്   यूयं स्थ=നിങ്ങൾ ഉണ്ട്

अहं अस्मि=ഞാൻ ഉണ്ട്   वयं स्मः=ഞങ്ങൾ ഉണ്ട്

ഭൂതകാലം :—

सः आसीत्= അവൻ ഉണ്ടായിരുന്നു

त्वं आसीः= നീ ഉണ്ടായിരുന്നു

अहं आसम्= ഞാൻ ഉണ്ടായിരുന്നു

ते आसन्= അവർ ഉണ്ടായിരുന്നു

यूयं आस्त= നിങ്ങൾ ഉണ്ടായിരുന്നു

वयं आस्म= ഞങ്ങൾ ഉണ്ടായിരുന്നു

ഭാവികാലം =

सः भविष्यति= അവൻ ഉണ്ടാകും

त्वं भविष्यसि= നീ ഉണ്ടാകും

अहं भविष्यामि= ഞാൻ ഉണ്ടാകും

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഉദാഹരണ വാക്യങ്ങൾ

(उदाहरणवाक्यानि)

अहं अत्र अस्मि ।

ഞാൻ ഇവിടെ ആകുന്നു.

अहं ह्य तत्र आसम् ।

ഞാൻ ഇന്നലെ അവിടെ ആയിരുന്നു.

अहं श्वः कुत्र भविष्यामि ।

ഞാൻ നാളെ എവിടെ ആയിരിക്കും.

यूयं छात्राः स्थ ।

നിങ്ങൾ വിദ്യാൎത്ഥികളായിരുന്നു.

ते गृहे नासन् ।

അവർ വീട്ടിൽ ഉണ്ടായിരുന്നില്ല.

उद्याने वयं न भविष्यामः ।

തോട്ടത്തിൽ ഞങ്ങൾ ഉണ്ടായിരിക്കുകയില്ല

यूयं कुत्रास्त ?

നിങ്ങൾ എവിടെ ആയിരുന്നു ?

त्वं तत्र किमासीः ?

നീ അവിടെ എന്തിനു ഉണ്ടായിരുന്നു?

സന്ധി— अहं + अत्र + अस्मि = अहमत्रास्मि,
नासन् = न + आसन्
कुत्रास्त = कुत्र + अस्त
किमासीः = किम् + आसीः

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

കാരകം ഇകാരാന്തം—ഏകവചനം

इकारन्त शब्दः—एकवचने

വിഭക്തി	പുല്ലിംഗം	സ്ത്രീലിംഗം	നപുംസകലിംഗം
1 सु (:)	मुनिः മുനി	मतिः ബുദ്ധി	वारि വെള്ളം
2 अम्	मुनिम् മുനിയെ	मतिम् ബുദ്ധിയെ	वारि വെള്ളത്തെ
3 आ	मुनिना മുനിയോട് മുനിയാൽ	मत्या ബുദ്ധിയാൽ, ബുദ്ധിയോട്	वारिणा വെള്ളത്താൽ, വെള്ളത്തിനോട്
4 ए	मुनये മുനിയ്ക്ക്	मत्यै ബുദ്ധിയ്ക്ക്	वारिणे വെള്ളത്തിനുള്ള
5 अः	मुनेः മുനിയിൽ നിന്നു	मत्याः ബുദ്ധിയിൽ നിന്നു	वारिणः വെള്ളത്തിൽ നിന്നു
6 अः	मुनेः മുനിയുടെ	मत्याः ബുദ്ധിയുടെ	वारिणः വെള്ളത്തിന്റെ
7 इ	मुनौ മുനിയിൽ	मत्याम् ബുദ്ധിയിൽ	वारिणि വെള്ളത്തിൽ
8	मुने ഹേ! മുനേ,	मते ഹേ ! ബുദ്ധി,	वारि, वारे വെള്ളമേ !

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

रवे: रश्मि: ।

സൂര്യന്റെ കിരണം

नृपते: पुत्रा: ।

രാജാവിന്റെ പുത്രന്മാർ

गिरौ यति: तिष्ठति ।

പർവ്വതത്തിൽ സന്യാസി താമസിക്കുന്നു.

अग्ने: प्रकाशे भोजनं अकरोत् ।

തീയിന്റെ വെളിച്ചത്തിൽ ഭക്ഷണം കഴിച്ചു

तस्या: युवत्या: शाटिका: ।

ആ യുവതിയുടെ സാരി

वारिणि कमलानि सन्ति ।

വെള്ളത്തിൽ താമരകൾ ഉണ്ട്

नद्या वारिणि बालक: स्नाति ।

നദിയിലെ വെള്ളത്തിൽ ബാലകൻ കളിക്കുന്നു.

एतानि मुनये दास्यामि ।

ഇവയെ (ഞാൻ) മുനിക്കു കൊടുക്കും.

मत्यै, मत्या:, मत्या, मत्यम् ഇവ പുല്ലിംഗത്തെപ്പോലെ രൂപഭേദമുണ്ടാകുന്നു,

അവ मतये, मते:, मते:, मतौ എന്നാകുന്നു

സന്ധി :— रवे: रश्मि = रवेर्रश्मि; भोजनं + अकरोत् = भोजनमकरोत्;
मुने: = मुनि + अ: > मुन् + ई + अ: > मुन् + (इ + अ:) >
मुन् + ए: > मुने: मत्या: = मति + अ: > मत् + इ + अ: >
मत् + य + अ: > मत् + (य + अ:) > मत् + या: = मत्या:

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

പ്രേരണാത്മക ക്രിയ

प्रेरणार्थकक्रिया

पठति - पाठयति

പഠിക്കുന്നു — പഠിപ്പിക്കുന്നു

पिबति - पाययति

കുടിക്കുന്നു — കുടിപ്പിക്കുന്നു

पतति - पातयति

വീഴുന്നു — വീഴ്ത്തുന്നു

मिलति - मेलयति

സന്ദർശിക്കുന്നു — സന്ദർശിപ്പിക്കുന്നു.

शिक्षको रमां संस्कृतं पाठयति ।

അദ്ധ്യാപകൻ രമയെ സംസ്കൃതം പഠിപ്പിക്കുന്നു.

सः लतया पत्रमपाठयत् ।

അവൻ ലതയ്ക്കു് എഴുത്തു പഠിപ്പിക്കുന്നു.

माता शिशुं दुग्धं पाययति ।

അമ്മ കുട്ടിക്കു് പാൽ കുടിപ്പിക്കുന്നു.

सः शकटं चालयति ।

അവൻ വണ്ടി ഓടിക്കുന്നു.

സന്ധി :—शिक्षको रमां = शिक्षकः रमां, पत्रमपाठयत् = पत्रं अपाठयत्,

1. ക്രിയയിൽ ആദ്യാക്ഷരത്തോടു 'ആ'വും പുരുഷപ്രത്യയത്തിൻ മുമ്പിൽ 'യ'യും ചേരും.

ഉദാ :— पठति > प (आ) + ठ + (य) त्रि > पाठ + यति = पाठयति

पतति > प (आ) + त + (य)ति > पात + यति = पातयति

1. ആദ്യാക്ഷരത്തിൽ 'ഇ' 'എ' ആകും.

ഉദാ :— लिखति > लि (आ) + ख + (य)ति > लेख + यति = लेखयति

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

കാരകം ഇകാരാന്തം- ബഹുവചനം

(इकारान्तशब्दः—बहुवचने)

വിഭക്തി		പുല്ലിംഗം	സ്ത്രീലിംഗം	ന. ലിംഗം
1	अः	मुनयः മുനികൾ	मतयः ബുദ്ധികൾ	वारीणि വെള്ളങ്ങൾ
2	आ	मुनीन् മുനികളെ	मतीः ബുദ്ധികളെ	वारीणि വെള്ളങ്ങളെ
3	भिः	मुनिभिः മുനികളാൽ	मतिभिः ബുദ്ധികളാൽ	वारिभिः വെള്ളങ്ങളാൽ
4	भ्यः	मुनिभ्यः മുനികൾക്ക്	मतिभ्यः ബുദ്ധികൾക്ക്	वारिभ्यः വെള്ളങ്ങൾക്ക്
5	भ्यः	मुनिभ्यः മുനികളിൽനിന്നു	मतिभ्यः ബുദ്ധികളിൽനിന്നു	वारिभ्यः വെള്ളങ്ങളിൽനിന്ന്
6	आम्	मुनीनाम् മുനികളുടെ	मतीनाम् ബുദ്ധികളുടെ	वारिणाम् വെള്ളങ്ങളുടെ
7	सु	मुनिषु മുനികളിൽ	मतिषु ബുദ്ധികളുടെ	वारिषु വെള്ളങ്ങളുടെ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

हिमालये ऋषयः निवसन्ति ।

ഹിമാലയത്തിൽ ഋഷികൾ താമസിക്കുന്നു.

कीर्तिभिः हितो न भवति ।

കീർത്തികളാൽ നന്മ ഉണ്ടാകുന്നില്ല.

एताः युवतीः पश्य ।

ഈ യുവതികളെ നോക്കു

मुनीनाम् कुटीराणि तत्र वर्तन्ते ।

മുനികളുടെ കുടിലുകൾ അവിടെയാകുന്നു.

एतै वारिभिः क्षालय ।

ഈ വെള്ളത്തെകൊണ്ടു് കഴുകു

कविभ्यः तेषाम् काव्यानि आनय ।

കവികളിൽനിന്നു് അവരുടെ കാവ്യങ്ങളെ കൊണ്ടുവരിക.

कपिषु कः श्रेष्ठः ।

കുരങ്ങുകളിൽ ശ്രേഷ്ഠമായതു ഏതാണു്

अहयोसिभि र्न हन्तव्याः ।

പാമ്പുകളെ വാൾകൊണ്ടു് കൊല്ലരുതു്.

സന്ധി :—कीर्तिभिः हितो न = कीर्तयः हितः न, एतैर्वारिभिर्क्षालयः = एतैः + वारिभिः + क्षालय, अहयोसिभि = अहयः असिभिः, असिभिर्न = असिभिः न

ഭേദങ്ങൾ — കൽകാരകത്തിൽ പുല്ലിംഗത്തിൽ 'न्' വരുന്നു. സ്ത്രീലിംഗത്തിൽ വിസർഗ്ഗംമാത്രം വരുന്നു. മററവയെല്ലാം ഒരുപോലെയിരിക്കും നപുംസകത്തിൽ കർത്താവിൻെറ രൂപവും കർമ്മത്തിൻെറ രൂപവും ഒരുപോലെയിരിക്കുന്നു.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഭൂതകാലിക കൃദന്തം

(भूतकालिककृदन्तः (निष्ठा)

ह्य आगतो मनुष्यः कः ?

ഇന്നലെ വന്ന ആറം ആർ ?

फलितानि फलानि आनय ।

പഴുത്ത പഴങ്ങൾ കൊണ്ടു വരിക.

संस्कृतं शिक्षिता बालका एते सर्वे ।

ഇവരെല്ലാവരും സംസ്കൃതം പഠിച്ച കുട്ടികൾ.

श्रान्ता ललनाः छायायां तिष्ठन्ति ।

തളൎന്ന സ്ത്രീകൾ തണലിൽ നില്ക്കുന്നു

एतानि पठितानि पुस्तकानि ।

ഇവ പഠിച്ച പുസ്തകങ്ങൾ ആകുന്നു.

स ह्यो गतः ।

അവൻ ഇന്നലെ പോയി.

सा गृहं गता ।

അവൾ വീട്ടിലേക്കു പോയി.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

സന്ധി :—आगतो मनुष्यः = आगतः + मनुष्यः, स ह्यो गतः = सः ह्यः गतः,

(a) അനിട ധാതു + तः ഭൂതകാലിക കൃദന്തം

ഉദാ :—स्ना + तः = स्नातः नी + तः = नीतः

(b) സേട് ധാതു इ + तः ഭൂതകാലികകൃദന്തം

पठ + इ + तः=पठितः, लिख + इ + तः=लिखितः

II. ഇതു വിശേഷണമായും ഭൂതകാലമായും പ്രയോഗിക്കപ്പെടുന്നു

(a) വിശേഷണം നാമത്തെ വിശേഷിപ്പിക്കുന്നു.

(b) ഭൂതകാലം—

ഉദാ :—गतः बालकः, गता बालिका, गतस्य बालकस्य, रात्रिः गता, पत्रं गतम्

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഭൂതകാലിക കൃദന്തത്തിന്റെ

ക്രിയാരൂപം

(भूतकालिककृदन्तस्य क्रियारूपत्वम्)

तेन कृतम् ।

അവൻ ചെയ്തു.

तेन एक कार्यं कृतम् ।

അവൻ ഒരു ജോലി ചെയ്തു.

तेन अनेकानि कार्याणि कृतानि ।

അവൻ പല ജോലികൾ ചെയ്തു

कुम्भकारेण चत्वारो घटः कृतः ।

കുശവൻ മൺകടം ചെയ്തു.

कुम्भकारेण चत्वारो घटाः कृताः ।

കുശവൻ നാല് മൺകടങ്ങൾ ചെയ്തു.

सीतया फलानि भक्षितानि ।

സീത പഴങ്ങൾ തിന്നു.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

रामेण रोटिका भक्षिता ।

രാമൻ റൊട്ടി തിന്നു.

---

1. ഭൂതകാലിക കൃദന്തമായുള്ള ക്രിയ സകർമ്മകമാണെങ്കിൽ കർത്താവ് കരണകാരകമാകുന്നു.

ഉദാ :— तेन कृतम्, मया ज्ञातम्, सीतया भक्षितम्

2. അപ്പോൾ ക്രിയ കർമ്മത്തെ അനുസരിച്ച് ലിംഗ-വചനഭേദം കൈകൊള്ളുന്നു.

ഉദാ :—मया एक पत्र लिखितम्, मया चत्वारि पत्राणि लिखितानि,

3. കർമ്മം സ്പഷ്ടമാകാത്തപ്പോൾ ക്രിയ നപുംസകലിംഗം ഏകവചനരൂപം കൈക്കൊള്ളുന്നു.

ഉദാ :—तेन कृतम्, मया पठितम्, लतया कथितम्

4. ഭൂതകാലികകൃദന്തക്രിയയോടു സഹായകക്രിയകൾ (अस्ति, आसित, भविष्यति) ചേർത്താൽ ആസന്നഭൂതകാലവും, പൂർണ്ണഭൂതകാലവും. സന്ദിഗ്ധ ഭൂതകാലവും ആകുന്നു.

ഉദാ :—कुम्भकारेण घट: कृतोऽस्ति =കുശവൻ കുടം ചെയ്തിട്ടുണ്ട്
कुम्भकारेण घट: कृत आसीत् =കുശവൻ കുടം ചെയ്തിട്ടുണ്ടായിരുന്നു.

कुम्भकारेण घट: कृतो भविष्यति =കുശവൻ കുടം ചെയ്തിട്ടുണ്ടായിരിക്കും.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ദ്വിവചനം—ക്രിയ

(द्विवचनम्—क्रिया)

പു. ലിം.	സ്ത്രീ. ലിം.	ന. ലിം.
बालकौ	बालिके	फले
രണ്ടു ആൺകുട്ടികൾ,	രണ്ടു പെൺകുട്ടികൾ,	രണ്ടു പഴങ്ങൾ
तौ	ते	ते
അവരിരുവർ	അവരിരുവർ (സ്ത്രീ)	അവയിരണ്ടു
कौ	के	के
ആരിരുവർ	ആരിരുവർ (സ്ത്രീ)	ഏതിരണ്ടു
गतौ	गते	गते
ഇരുവര പോയി	ഇരുവർ പോയി(സ്ത്രീ)	(രണ്ടു)പോയി

	വർത്തമാനകാലം	ഭൂതകാലം	ഭാവികാലം
तौ	पठतः	अपठताम्	पठिष्यतः
	അവരിരുവർ പഠിക്കുന്നു,	പഠിച്ചു,	പഠിക്കും
युवां	पठथः	अपठतम्	पठिष्यथः
	നിങ്ങളിരുവർ പഠിക്കുന്നു,	പഠിച്ചു,	പഠിക്കും
आवां	पठावः	अपठाव	पठिष्यावः
	ഞങ്ങളിരുവർ പഠിക്കുന്നു,	പഠിച്ചു,	പഠിക്കും

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

तौ ग्रामं गच्छतः ।

അവരിരുവർ ഗ്രാമത്തിലേക്ക് പോകുന്നു

ते पत्रे पतिष्यतः ।

ആ രണ്ടു ഇലകൾ വീഴും.

ते पाठानि अलिखताम् ।

അവരിരുവർ (സ്ത്രീ) പാഠങ്ങൾ എഴുതി

युवां तत्र किं कुरुथः ।

നിങ്ങൾ ഇരുവർ അവിടെ എന്തു ചെയ്യുന്നു ?

आवां संस्कृतं वदिष्यावः ।

ഞങ്ങളിരുവർ സംസ്കൃതം സംസാരിക്കുന്നു.

तौ बालकौ गृहं गतौ ।

ആ രണ്ടു ആൺകുട്ടികൾ വീട്ടിലേയ്ക്കു പോയി.

युवां कुत्र धावितौ ?

നിങ്ങളിരുവർ എവിടേക്ക് ഓടി ?

बालकौ कुत्र धावतः ?

രണ്ടു ആൺകുട്ടികൾ എവിടേക്ക് ഓടുന്നു

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

അവ്യയം—ഘടകം

(अव्ययः समुच्चयबोधकयोजकश्च)

फलञ्च पुष्पञ्च आनय ।

പഴവും പൂവും കൊണ്ടുവരു.

रामश्च कृष्णश्च गतौ ।

രാമനും കൃഷ്ണനും പോയി.

तक्रं वा दुग्धं वा पिब ।

മോരോ പാലോ കുടിക്കുക.

कदलीं, दाडिमं, आम्रं वा भक्षय ।

വാഴപ്പഴമോ മാതളനാരങ്ങയോ മാമ്പഴമോ തിന്നുക

तेन तत्कार्यं कृतं, परं व्यर्थं जातम् ।

അവൻ ആ ജോലി ചെയ്തു പക്ഷെ വ്യർത്ഥമായി

यदा गृहं गमिष्यसि तदा मां आह्वय ।

വീട്ടിൽ പോകുമ്പോൾ എന്നെ വിളിച്ചു.

यत्र ते पठतः, तत्र मा गच्छ ।

എവിടെ അവരിരുവർ പഠിക്കുന്നുവോ അവിടെ പോകരുത്.

---

1. സന്ധി :—म् + च = ञ्च, : + च = श्च,

2. 'च' യു, 'वा' വും മലയാളത്തിൽ 'ഉം' വും 'ഓ' വും ഓരോന്നും ശബ്ദത്തിന്റെ കൂടെ വരുന്നു.

ഉദാ :—फलञ्च पुष्पञ्च आनय ഇല്ലെങ്കിൽ फलं पुष्पञ्च आनय
फलं वा पुष्पं वा आनय ,, फलं पुष्पं वा आनय

8. यत्र...तत्र =എവിടെയോ അവിടെ
यदा...तदा =എപ്പോഴോ അപ്പോഴോ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ദ്വിവചനം—കാരകം

(द्विवचनम् —कारकम्)

1 औ—बालकौ फले लते

രണ്ടു കുട്ടികൾ പഴങ്ങൾ ലതകൾ

2 औ—बालकौ फले लते

രണ്ടു കുട്ടികളെ പഴങ്ങളെ ലതകളെ

3 भ्याम्—बालकाभ्याम् फलाभ्याम् लताभ्याम्

രണ്ടു കുട്ടികളാൽ പഴങ്ങളാൽ ലതകളാൽ

4 भ्याम्—बालकाभ्याम् फलाभ्याम् लताभ्याम्

രണ്ടു കുട്ടികൾക്ക് പഴങ്ങൾക്ക് ലതകൾക്ക്

5 भ्याम्—बालकाभ्याम् फलाभ्याम् लताभ्याम्

രണ്ടു കുട്ടികളിൽനിന്നു പഴങ്ങളിൽനിന്നു ലതകളിൽനിന്നു്

6 ओः—बालकयोः फलयोः लतयोः

രണ്ടു കുട്ടികളുടെ പഴങ്ങളുടെ ലതകളുടെ

7 ओः—बालकयोः फलयोः लतयोः

രണ്ടു കുട്ടികളിൽ പഴങ്ങളിൽ ലതകളിൽ

बालकौ तडागे स्नातौ।

രണ്ടു ആൺകുട്ടികൾ കുളത്തിൽ കുളിച്ചു.

तौ गजौ पश्य।

ആ രണ്ടു ആനകളെ നോക്കുക.

10

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

छात्राभ्यां एते पुस्तके।

രണ്ടു വിദ്യാർത്ഥികൾക്ക് ഈ രണ്ടു പുസ്തകങ്ങൾ.

मुनिभ्यां जपमाले आनय।

രണ്ടു മുനികളിൽനിന്നു രണ്ടു ജപമാലകൾ കൊണ്ടുവരിക

तयोः फलयोः एकं मह्यं देहि।

ആ രണ്ടു പഴങ്ങളിൽ ഒന്ന് എനിക്ക് തരു

युवयोः ज्येष्ठः कः ?

നിങ്ങൾ രണ്ടുപേരിൽ മൂത്തവൻ ആരാകുന്നു ?

സന്ധി :—योः + സ്വരം, വർഗ്ഗത്തിൽ 2, 3, 4 യ, ര, ല, വ, ഹ, > (ർ)

ഉദാ :— फलयोः एकं > फलयोर् + एकम् = फलयोरेकम्
बालकयोः मध्ये > बालकयोर् + मध्ये = बालकयोर्मध्ये

1. ദ്വിവചനത്തിൽ മൂന്നു വിഭക്തികളാകുന്നു. അവ औः, भ्याम्, ओः

(a) കർത്താവ് കർമ്മം ഇവകളോടുകൂടി औ വും

(b) കരണ, സംപ്രദാന, അപാദാന ഇവകളോടുകൂടി भ्याम् ഉം

(c) സംബന്ധ, അധികരണ ഇവകളോടുകൂടി ओः വും ചേരും.

ഇകാരാന്ത ശബ്ദത്തിൽ औ ई എന്നാകും.

പു. ലി. मुनि, 1-2 मुनी, 3,4,5 मुनिभ्याम्, 6-7 मुन्योः
സ്ത്രീ. ലി. मति, 1-2 मती, 3,4 5 मतिभ्याम्, 6-7 मत्योः
ന. ലി. वारि 1-2 वारिणी, 3,4,5 वारिभ्याम्, वारिणोः

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ആത്മനേപദം

आत्मनेपदम्

ഏക വചനം

	വർത്തമാനം	ഭാവി	ഭൂതം	വിധി
स:	विद्यते	वेत्स्यते	अविद्यत्	
	ഉണ്ട്	ഉണ്ടാകും	ഉണ്ടായിരുന്നു	
त्वं	विद्यसे	वेत्स्यसे	अविद्यथा:	विद्यस्व
अहं	विद्ये	वेत्स्ये	अविद्ये	

ദ്വി വചനം

तौ	विद्येते	वेत्स्येते	अविद्येताम्	
युवां	विद्येथे	वेत्स्येथे	अविद्यथाम्	विद्यथाम्
आवां	विद्यावहै	वेत्स्यावहै	अविद्यावहि	

ബഹു വചനം

ते	विद्यन्ते	वेत्स्यन्ते	अविद्यन्त	
यूयं	विद्यध्वे	वेत्स्यध्वे	अविद्यध्वम्	विद्यध्वम्
वयं	विद्यामहे	वेत्स्यामहे	अविद्यामहि	

---

1. ആത്മനേപദത്തിൽ ക്രിയ കർതൃഗാമിയാകുന്നു.
   ഉദാ :—स: याचते = അവൻ യാചിക്കുന്നു (തനിക്കുവേണ്ടി)
   स: शेते = അവൻ കിടക്കുന്നു (തനിക്കുവേണ്ടി)
2. പരസ്മൈപദം അന്യഗാമിയാകുന്നു.
   ഉദാ— स: याचति = അവൻ യാചിപ്പിക്കുന്നു (മററുള്ളവർക്കുവേണ്ടി)
3. ചില ധാതുക്കൾ ആത്മനേ പദമാകുന്നു, ചിലവ പരസ്മൈപദമാകുന്നു, ചിലധാതുക്കൾ രണ്ടുമാകുന്നു.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ചില ആത്മനേപദക്രിയകൾ

(कतिपयो आत्मनेपदक्रियाः)

വർത്തമാനം	ഭാവി	ഭൂതം
യാചിക്കുന്നു.		
याचते	याचिष्यते	अयाचत
ആകുന്നു, സംഭവിക്കുന്നു		
वर्तते	वर्तिष्यते	अवर्तत:
അഭ്യസിക്കുന്നു		
शिक्षते	शिक्षिष्यते	अशिक्षत
രുചിതോന്നുന്നു		
स्वदते	स्वदिष्यते	अस्वदत
പരിശ്രമിക്കുന്നു		
यतते	यतिष्यते	अयतत
സാധിക്കുന്നു		
क्षमते	क्षमिष्यते	अक्षमत
പ്രാപിക്കുന്നു		
लभते	लप्स्यते	अलभत

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ആരംഭിക്കുന്നു

आरभते	आरप्स्यते	आरभत

ഉണ്ടാകുന്നു പിറക്കുന്നു

जायते	जनिष्यते	अजायत

സമ്മതിക്കുന്നു

मन्यते	मंस्यते	अमन्यत

യുദ്ധം ചെയ്യുന്നു

युध्यते	योत्स्यते	अयुध्यत

കഴിയുന്നു

शक्यते	शक्ष्यते	अशक्यत

പ്രാർത്ഥിക്കുന്നു.

प्रार्थयते	प्रार्थयिष्यते	प्रार्थवत

ഇവകളെ എല്ലാ കാലങ്ങളിലും ഉ. മ. പ്ര. പുരുഷനിലും വചനങ്ങളിലും എഴുതി അഭ്യസിക്കുക.

Sri Vidyabharathi Book Centre, Sṛingeri

CC-O. In Public Domain. Digitized by eGangotri

ആത്മനേപദവാക്യങ്ങൾ

आत्मने पदवाक्यानि

रोपिताः लताः वर्द्धन्ते ।

നട്ട ലതകൾ വളരുന്നു

तौ अत्र न वर्त्तेते ।

അവരിരുവർ ഇവിടെ ഇല്ല

अहं सभायां भाषिष्ये ।

ഞാൻ സഭയിൽ പ്രസംഗിക്കും

अवलेहं स्वदिष्यसे किम् ?

നീ ചമ്മന്തി രുചിനോക്കുമോ?

यूयं मन्त्री भवितुं किं न अयतध्वम् ?

നിങ്ങൾ മന്ത്രിയാകാൻ എന്തുകൊണ്ട് പരിശ്രമിച്ചില്ല

तत् कार्यं कर्तुं क्षमामहे किम् ?

ആ ജോലിചെയ്യാൻ സാധിക്കുമോ ?

आवां हिन्दीं शिक्षितुं आरप्स्यामहे ।

നമ്മളിരുവരും ഹിന്ദിപഠിക്കാൻ ആരംഭിക്കാം

विमलायाः पुत्रोऽजायत ।

വിമലയ്ക്ക് മകൻ ജനിച്ചു

तव कथनं मंस्यामहे ।

നിങ്ങളുടെ വാക്ക് (ഞങ്ങൾ) സമ്മതിക്കും

സന്ധി—किं + न = किन्न; पुत्रोऽजायत = पुत्रः + अजायत

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

കാരകം-ഈകാരാന്തം-സ്ത്രീലിംഗം

ईकारान्तस्त्रीलिंग शब्दौ

नदी	स्त्री	नद्यः	स्त्रियः
നദി	സ്ത്രീ	നദികൾ	സ്ത്രീകൾ
नदीम्	स्त्रीम्	नदीः	स्त्रीः
നദിയെ	സ്ത്രീയെ	നദികളെ	സ്ത്രീകളെ
नद्या	स्त्रिया	नदीभिः	स्त्रीभिः
നദിയാൽ	സ്ത്രീയാൽ	നദികളാൽ	സ്ത്രീകളാൽ
नद्यै	स्त्रियै	नदीभ्यः	स्त्रीभ्यः
നദിയ്ക്കു്	സ്ത്രീയ്ക്കു്	നദികൾക്കു്	സ്ത്രീകൾക്കു്
नद्याः	स्त्रियाः	नदीभ्यः	स्त्रीभ्यः
നദിയിൽനിന്നു	സ്ത്രീയിൽനിന്നു	നദികളിൽനിന്നു	സ്ത്രീകളിൽ
नद्याः	स्त्रियाः	नदीनाम्	स्त्रीणाम्
നദിയുടെ	സ്ത്രീയുടെ	നദികളുടെ	സ്ത്രീകളുടെ
नद्याम्	स्त्रियाम्	नदीषु	स्त्रीषु
നദിയിൽ	സ്ത്രീയിൽ	നദികളിൽ	സ്ത്രീകളിൽ

नदि स्त्रि

ഹേ നദി ഹേ സ്ത്രീ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

गौरी नगरीं गच्छति ।

ഗൌരി പട്ടണത്തിലേക്കു് പോകുന്നു.

लेखन्या लिखति ।

പേനകൊണ്ടു എഴുതുന്നു.

कामिनीनाम् एतानि अलंकाराणि ।

ഇവ കാമിനികളുടെ അലങ്കാരങ്ങൾ

जननीं दृष्ट्वा अगच्छम् ।

(ഞങ്ങൾ) അമ്മയെ കണ്ടു വന്നു.

तर्जन्या तन्त्रीं वादय ।

ചൂണ്ടാണിവിരൽകൊണ്ടു് വീണ വായിക്കു്

अंगुलीभिः पिष्टकं पिनष्टि ।

വിരലുകൾകൊണ്ടു മാവു് കുഴയ്ക്കു്

तस्यां वाप्यां जलं नास्ति ।

ആ കുളത്തിൽ വെള്ളം ഇല്ല.

भगिन्यै एतत् दत्वा आगच्छ ।

സഹോദരിക്കു് ഇതു കൊടുത്തിട്ടു് വരിക.

സന്ധി :—

नद्यै = नदी + ए > नद् + इ + ए > नद् + (य + ए) नद् + यै > नद्यै

नद्याः = नदी + अः > नद् + इ + अः > नद् + य + अः > नद् + (य + अः) > नद् + याः = नद्याः

स्त्रीयाम् = स्त्री + इ (आम्) > स्त्रि + य + आम् - स्त्रियाम्

स्त्रियै = स्त्री + ए > स्त्र + ई + इ + ए > (स्त्र + इ) + इ + ए > स्त्रि + यै > स्त्रियै

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

തവ്യം ആനീയം

तव्यम् - आनीयम्

एता कथानिका पठितव्या ।

ഈ ചെറുകഥ പഠിക്കേണ്ടതാണ്

अयमेवास्माकं गन्तव्यो मार्गः ।

ഇതുതന്നെയാണ് നമുക്ക് പോകേണ്ട വഴി

त्वया तत्पुस्तकं पठितव्यम् ।

നീ ആ പുസ്തകം പഠിക്കേണ്ടതാണ്

तत्र न स्नातव्यम् ।

അവിടെയാണ് കുളിക്കേണ്ടതു്

गुरोराज्ञा पालनीया ।

ഗുരു കല്പന നിറവേറേണ്ടതാണ്

त्वया तत्र स्थातव्यम् ।

നീ അവിടെ താമസിക്കേണ്ടതാണ്

परनिन्दा न कर्त्तव्या ।

പരനിന്ദ ചെയ്യരുത്

---

1. സെട് ധാതുവോട് 'ഇ' ചേരും. ഉദാ :- पठ + तव्यम् > पठि + तव्यम् = पठितव्यम् അനിട് ധാതുവോട് 'ഇ' വരില്ല
ഉദാ :- स्ना + तव्यम् > स्ना तव्यम्

2. ധാതുക്കളോടുകൂടി 'तव्यम्' വും, 'आनीयम्' വും ചേർന്നു വരുമ്പോൾ ക്രിയ കർമ്മവാച്യത്തിലും ഭാവവാച്യത്തിലും ഇരിക്കും.

3. അപ്പോൾ കർത്താവിനോട് തൃതീയാവിഭക്തി ചേരും. ക്രിയ കർമ്മത്തെ അനുസരിച്ച് ലിംഗവചനാദികൾ കൈക്കൊള്ളുന്നു.

ഉദാ :- मया फलं भक्षितव्यम् / भक्षणीयम्
मया रोटिका भक्षितव्या / भक्षणीया
मया फलानि भक्षितव्यानि / भक्षणीयानि

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

നല്ല വാക്യങ്ങൾ

सुवाक्यानि

सत्यं वद ।

സത്യം പറയു

धर्मं चर ।

ധർമ്മത്തെ കൈക്കൊള്ളുക.

मातृ देवो भव ।

അമ്മയെ ദൈവമായി കരുതുക.

आचारः परमो धर्मः ।

ആചാരമാണ് ശ്രേഷ്ഠമായ ധർമ്മം

धर्मो रक्षति रक्षितः ।

ധർമ്മത്തെ രക്ഷിക്കുന്നുണ്ടെങ്കിൽ രക്ഷിക്കുന്നു

सर्वं परवशं दुःखम् ।

മററുള്ളവരുടെ അധീനത്തിൽ എല്ലാം ദുഃഖം

सर्वं आत्मवशं सुखम् ।

തന്റെ സ്വാധീനത്തിൽ എല്ലാം സുഖം.

संहतिः कार्यसाधिका ।

ഐകമത്യത്തിൽ കാര്യം നേടാം

न वदति सुजनः करोत्येव ।

മാന്യൻ പറയുകയില്ല, ചെയ്തുതന്നെ കാട്ടുന്നു

परोपकाराय सतां विभूतयः ।

നല്ലവരുടെ സമ്പത്ത് പരോപകാരത്തിനുവേണ്ടി

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

पत्राणि

എഴുത്തുകൾ

[1]

सेवायाम्

व्यवस्थापकः,
दिव्यज्योति कार्यालयः
भारती विहार, मशोबरा,
शिमला-७ (हि. प्र.)

प्रेषकः

पी केशवन्
मंजु विहारम्,
कोट्टयम् - ४

महाशयः,

अद्यामया दिव्यज्योतिषो वार्षिकशुल्कं द्वादशरूप्यकाणि घनादेशेन प्रेषितामि । घनादेशसंख्या १२०६ इति । कृपया अस्मात् मासादेव पत्रिका प्रेष्यताम् ।

दिनांकः २९-२-७६ भवदीय

पी. केशवन्

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

[2]

सेवायाम्.

व्यवस्थापकः,
सार्वभौम संस्कृत प्रचार कार्यालयः.
टेढीनीम,
वाराणसी-१

प्रेषकः,
ओ. उण्णी कृष्णन्,
कैलास कुटीरम्
एर्णाकुलम - ८

महाशयः,

कृपया निम्न लिखितानि पुस्तकानि वी. पी. पी. द्वारा संप्रेपयतु.

1. संस्कृत - प्रवेशिका — डा. गुप्ता:
2. सरल संस्कृतपद्य संग्रह — श्री राधिका रमण:
3. संस्कृत निबन्धादर्शः — डा. नरेन्द्रः

भवदीय

दिनांकः २०-२-७६ ओ. उण्णीकृष्णन

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

എഴുത്തുകൾ

(1)

കോട്ടയം
28-2-76

ദിവ്യജ്യോതി കാര്യാലയം
മാനേജർ അവർകൾക്ക്

ഭാരതി വിഹാർ,
ശോബരാ, സിംല-7 (ഹി. പ്ര)

കോട്ടയം-4 മഞ്ജുവിഹാരത്തിലെ
വി. കേശവൻ എഴുതുന്നതു്

മാന്യരേ!

ദിവ്യജ്യോതിയുടെ ഒരു വർഷത്തേക്കുള്ള വരിസംഖ്യയായ പന്ത്രണ്ടു രൂപാ ഇന്നു ഞാൻ മണിയാർഡർ ആയി അയച്ചിട്ടുണ്ടു. മണിഓർഡറുടെ സംഖ്യ 1206 എന്നാകുന്നു. ദയവുചെയ്തു് ഈ മാസം മുതൽ പ്രതികൾ അയച്ചു തരുവാൻ അപേക്ഷിക്കുന്നു.

എന്നു് വിധേയൻ
വി. കേശവൻ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

(2)

സാർവ്വഭൗമ സംസ്കൃതപ്രചാർ കാര്യാലയം

മാനേജർ അവർകൾക്ക്, ടെഡീനീം, വാരാണസി

എറണാകുളം-6 കൈലാസ കുടീരത്തിൽനിന്ന്

കെ. ഉണ്ണികൃഷ്ണൻ എഴുതുന്നത്.

മാന്യരെ :

ദയവുചെയ്ത് താഴെ കൊടുത്തിട്ടുള്ള പുസ്തകങ്ങൾ വി. പി. പാർസലായി അയച്ചുതരുവാനപേക്ഷ

1 സംസ്കൃത പ്രവേശിക — ഡോ. ഗുപ്ത

2. സരള സംസ്കൃത പാഠ്യസംഗ്രഹ--
ശ്രീരാധികാരമണൻ

3. സംസ്കൃത നിബന്ധാദർശഃ — ഡോ. നരേന്ദ്ര

എന്ന് വിധേയൻ

കെ. ഉണ്ണികൃഷ്ണൻ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

[3]

विद्यानिकेतनम्
कोडैक्कानल्
दि. १८ - ५ - १९७५

प्रिय सुहृत्,

प्रणमामि । अद्यैव त्वदीयं पत्रं संप्राप्तम् । त्वदीया कुशलवार्त्ता पठित्वा अतीवानन्दो भवति ।

अत्रागत्य द्वौ वर्षौ जातौ, परं त्वं न आगतः कोडैक्कानल् अतीव रमणीयः पर्वतप्रदेशः । प्राकृतिक सुषमा भरितः प्रदेशोऽयं अवश्यमेव त्वया दृष्टव्यः । आवयोः मित्रं नरेन्द्रोऽपि अत्रैव विद्यते । अतएव अत्रागच्छ ।

आगमात् पूर्वं पत्रं लिख ।

त्वदीय
नागेशः

[4]

पद्मा
१२३, नेहरु रोड, कोच्चि-३
दि. १५ - ५ - १९७५

प्रिय सुहृत्,

प्रणमामि, प्रेषितं पत्रं मिलितम् । धन्यवादः । अस्मिन् मासे मम अतीव कार्यं वर्तते । अतएव आगामिनि मासे आगमिष्यामि ।

आगमनात् पूर्वं तन्त्रीं प्रेषयिष्यामि ।

त्वदीय
गोपाल

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

(3)

വിദ്യാനികേതൻ
കൊടൈക്കനാൽ
15 - 5 - 76

പ്രിയ സുഹൃത്തേ !

നമസ്കാരം ! നിന്റെ കത്ത് ഇന്നലെത്തന്നെ കിട്ടി. നിന്റെ ക്ഷേമവാർത്തയറിഞ്ഞു് വളരെ സന്തോഷിക്കുന്നു.

ഞാൻ ഇവിടെ വന്നിട്ട് രണ്ടുകൊല്ലമായി, എന്നാൽ ഇതേവരെ നീ ഇവിടേക്കു വന്നില്ല. മനോഹരമായ പർവ്വത പ്രദേശമാണു് കൊടൈക്കനാൽ. പ്രകൃതിരമണീയമായ ഈ നാട്ടു് തീർച്ചയായും നീ കാണേണ്ടതാണു്. നമ്മുടെ സ്നേഹിതൻ നരേന്ദ്രനും ഇവിടെയുണ്ടു്. അതുകൊണ്ടു് നീയും വരൂ. പുറപ്പെടുന്ന വിവരത്തിനു് കത്തയക്കണം.

എന്നു്, സ്നേഹപൂർവ്വം
നിന്റെ നാഗേശൻ

(4)

"പദ്മ"
123, നെഹ്രു റോഡ് കൊച്ചി-3
18 - 5 - 76

പ്രിയ സുഹൃത്തേ

നമസ്കാരം അയച്ച എഴുത്തു കിട്ടി. നന്ദി. ഈ മാസം എനിക്കു് ജോലി വളരെ കൂടുതലാണു്. അതുകൊണ്ടു് ഞാൻ അടുത്ത മാസം വരാം.

പുറപ്പെടുന്നതിനുമുമ്പു് കമ്പി അടിക്കാം.

എന്നു്, സ്നേഹപൂർവ്വം
നിന്റെ ഗോപാലൻ

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

सम्भाषणानि —

कुत्र न्यस्तम्

बालक :— प्रणमामि पितामहम् ।

पितामह :— कोऽरुणकुमारः ! चिरञ्जीवी भव ।

बा :— पाठशालां गच्छामि अहम् ।

पि :— सम्प्रति तु सार्धाष्टवादनमपि न वादितम् ।

बा :— परं पितामह, अद्यतु शीघ्रं गन्तव्यमस्ति ।

पि :— गच्छ, परं गमनात्पूर्वं सर्वाणि पुस्तकानि विद्यन्ते वा न वा इति पश्य ।

बा :— पश्यामि .... पितामह !

पि :— किं बाल !

बा :— मदीयं आंग्लपुस्तकं प्रेसेविकायां न विद्यते ।

पि :— कुत्र न्यस्तं त्वया ?

बा :— न स्मरामि कुत्र न्यस्तं इति ।

पि :— रात्रौ तु त्वया तदेव पुस्तकं पठितम् ।

बा :— आम्, परं पितामह ! कृपया पश्य, कुत्र गतं मे पुस्तकं इति । हो विमले, किं त्वं न जानासि मे पुस्तकं कुत्र वर्त्तते इति ?

विमला :— अहं किं जानामि ? रात्रौ यत्र उपविश्य पठितं तत्रैव गत्वा पश्या ।

पि :— तत्र पश्य अरुणकुमार; लेखनाधारे एव वर्त्तते ।

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

സാമ്പാഷണം

എവിടെ വെച്ചു

ബാലൻ—നമസ്കാരം മുത്തച്ഛാ!

മുത്തച്ഛൻ—ആര്—അരുൺകുമാരനോ! ചിരഞ്ജീവിയാ യിരിക്കട്ടെ!

ബാ—ഞാൻ പള്ളിക്കൂടത്തിലേക്കു പോകുന്നു.

മു — ഇപ്പോഴും സമയം എട്ടരക്കൂടി അടിച്ചിട്ടില്ലല്ലോ.

ബാ—എന്നാൽ, മുത്തച്ഛാ! ഇന്ന് വേഗത്തിൽ പോകണം

മു —പോകുക, എന്നാൽ പോകുന്നതിനു മുമ്പ് പുസ്തകങ്ങളെല്ലാം ഉണ്ടോ എന്നു നോക്കു.

ബാ—നോക്കട്ടെ ...... മുത്തച്ഛാ

മു —എന്താ...കുട്ടി ?

ബാ—എന്റെ ഇംഗ്ലീഷ് പുസ്തകം സഞ്ചിയിൽ കാണുന്നില്ല.

മു —നീ എവിടെ വെച്ചു ?

ബാ—എവിടെ വെച്ചെന്ന് ഓർമ്മിക്കുന്നില്ല.

മു — രാത്രിയിൽ നീ ആ പുസ്തകം വായിച്ചതല്ലേ ?

ബാ—അതെ, എന്നാൽ മുത്തച്ഛാ! എന്റെ പുസ്തകം എവിടെ പോയിയെന്നു ഭയവായി നോക്കിയാലും ... വിമലേ! എന്റെ പുസ്തകം എവിടെയാണെന്നു നിനക്ക് അറിയാമോ ?

വിമല— എനിക്ക് അറിയില്ല; രാത്രിയിൽ ഇരുന്ന് വായിച്ചിടത്തുതന്നെ പോയി നോക്ക്.

മു — അവിടെ നോക്കു അരുൺകുമാർ. മേശമേൽതന്നെ ഉണ്ട്

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

कार्यालये

सचिव :- सेवक !

सेवक :- आगतोऽस्मि महाशय ।

स० :- सङ्गतिगृहं सन्नद्धं वर्तते किम् ।

से० :- सन्नद्धं वर्तते महाशय । सर्वेऽपि पदान्वेषिणः आगतवन्तः सन्ति ।

स० :- तर्हि निदेशकाय एतत् सूचय ।............ओ............ दूरभाषस्य घण्टिकाऽपि वादितुमारभत अस्मिन् समय एव ।............प्रस्तुतोऽहं, किं....आम्....सचिवोऽयं भाषते....आम्, विज्ञानभवनस्य निदेशकस्य.........सङ्गति अधुनैव सचलिष्यने............आम्, सर्वेपि पदान्वेषिणः आगताः सन्ति....साधु....साधु ।.........आगतः त्वम् ? सूचितं निदेशकाय ?

से० :- महाशय, निदेशकवर्यः सङ्गतिगृहं प्रति गच्छनस्ति ।

स० :- तर्हि मयाऽपि साम्प्रतमेव गन्तव्यमस्ति । लेखपत्रबन्धमिदं गृहाण । किञ्चित् तिष्ठ; पदान्वेषणं नामावली अस्मिन् विद्यते व न वा; किञ्चित् पश्य तावत् ।

से० :- महाशय, अस्मिन्नेव विद्यते ।

स० :- दर्शय तावत् । आम्, एषा एवा ।

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ആപ്പീസിൽ

കാര്യദർശി—സേവകാ.

സേവകൻ —വന്നു സാർ

കാ :- സ്വീകരണമുറി ഒരുക്കിവച്ചിട്ടുണ്ടോ ?

സേ :- ഒരുക്കിയിട്ടുണ്ട് സാർ. സ്ഥാനാർത്ഥികളെല്ലാരും വന്നിട്ടുണ്ട്.

കാ :- അപ്പോൾ ഡയറക്ടറോട് പറയൂ.........ഏയ്, ഫോണിന്റെ മണിക്കൂടെ ഈ അവസരത്തിൽതന്നെ അടിക്കാൻ തുടങ്ങിയോ ? ...... ഹലോ ...... അതെ ഞാൻ തന്നെ .... എന്ത് ... അതെ ..... ഞാൻ കാര്യദർശി സംസാരിക്കുന്നു ... അതെ വിജ്ഞാന ഭവനത്തിന്റെ ഡയറക്ടറുടെ ... സ്ഥാനാർത്ഥികളെ ഇപ്പോൾതന്നെ കാണും ... അതെ ... സ്ഥാനാർത്ഥികളെല്ലാവരും വന്നിട്ടുണ്ട്. ശരി ... ശരി ... വന്നുവോ ? ഡയറക്ടറോട്ട് പറഞ്ഞുവോ ?

സേ :- പറഞ്ഞു സാർ. ഡയറക്ടർ സ്വീകരണമുറിക്ക് നേരേ പോയ്ക്കൊണ്ടിരിക്കുന്നു.

കാ :- അപ്പോൾ, ഞാനും പോകണം. ഈ ആപ്പീസ് ഫയിൽ എടുക്കൂ ... കുറച്ചു നില്ക്കൂ. സ്ഥാനാർത്ഥികളുടെ പേരുകൾ എഴുതിയിട്ടുള്ള കടലാസ് അതിൽ ഉണ്ടോ എന്ന് നോക്കൂ.

സേ :- ഇതിൽതന്നെയുണ്ട്.

കാ :- നോക്കട്ടെ. അതെ, ഇതു തന്നെ.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

विधवा विवाहः

हिमांशु :- (उपविश्य सुरेशं प्रति) कथय, कुत्र गतो रमेशः ।

सुरेश :- (विहस्य) न्यायालयं गतः ।

हि० :- (आश्चर्येण) न्यायालयं केन हेतुना ?

सु० :- क्षणं तिष्ठ, स्वयमेव अवगतं भविष्यति ।

हि० :- (आत्मीयतापूर्वकम्) श्रावय, का वार्ताऽस्ति ?

सु० :- (विहस्य) विवाहं कर्तुं गतः ।

हि० :- कस्य विवाहं कर्तुं गतः ।

सु० :- स्वकीयमेव ।

हि० :- कया सह ?

सु० :- (ईषद् विहस्य) कमलया सह ।

हि० :- (आश्चर्येण) तया विधवया सह ?

सु० :- (सोत्साहं) अथ किम् । तत् एते समानाधिकारस्य वास्तविकं निदर्शनं भविष्यति । अद्य न केवलं मौखिकस्य, अपितु क्रियात्मक - समानतायाः, ऐक्यस्य च आवश्यकता वर्तते । (ततः रमेशः कमलया सह तथैव आगच्छति नवदम्पतिरूपेण)

सु० :- (उत्थाय) भवतः दाम्पत्यजीवनं प्रेममयं, सुखमयं, शान्तिमयं, आह्लादमयं परप्रेरकं च भवेत् ।

हि० :- (उत्थाय) आदर्शं जीवन भवतु भवताम् ।

—दिव्यज्योति मासिक्यत

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

വിധവാ വിവാഹം

ഹിമാംശു—(ഇരുന്നുകൊണ്ടു സുരേശനോട്) പറയൂ. എവിടെ പോയി രമേശൻ.

സുരേശൻ—(ചിരിച്ചുകൊണ്ടു്) കോടതിയിലേക്കു് പോയി

ഹി—(ആശ്ചര്യത്തോടെ) കോടതിയിലേയ്ക്കു് പോകാൻ കാരണം ?

സു—അല്പം കഴിയട്ടെ, തന്നത്താൻ മനസ്സിലാകും.

ഹി—(ആത്മീയഭാവത്തോടെ) പറയൂ, എന്താ കാര്യം ?

സു—(ചിരിച്ചുംകൊണ്ടു,) കല്യാണം കഴിക്കാൻ പോയതാണു്.

ഹി—ആരുടെ കല്യാണം കഴിക്കാൻ പോയി ?

സു—സ്വന്തം.

ഹി—ആരുമായി ?

സു—(കുറച്ചു് ചിരിച്ചു്) കമലയുമായി.

ഹി—(ആശ്ചര്യത്തോട്) ആ വിധവയുമായോ ?

സു—(സന്തോഷത്തോടുകൂടി) പിന്നെ എന്തു് ? ഇതു തുല്യാധികാരത്തിൻെറ യഥാർത്ഥ ഉദാഹരണമല്ലെ. ഇക്കാലത്തു് വാക്കിൽ മാത്രമല്ല

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

പ്രവൃത്തിയിലും സമത്വവും ഐക്യവും ആവശ്യമാണു്

(അപ്പോഴാം രമേശനും കമലയും നവദമ്പതികളെപോലെ അവിടെ വരുന്നു.)

സ്വ—(എഴുന്നേററു്) നിങ്ങളുടെ ദാമ്പത്യജീവിതം പ്രേമമയവും, സുഖമയവും, ശാന്തിമയവും ആനന്ദമയവും ആയിത്തീരട്ടെ.

ഫി—(എഴുന്നേററു്) നിങ്ങളുടെ ജീവിതം ആദർശപരമായിത്തീരട്ടെ.

(ദിവ്യജ്യോതി മാസികയിൽനിന്നു്)

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

लघुकथा :

चतुरः काकः

ग्रीष्मकालः आसीत्। उग्रातपे सर्वेऽपि जलाशयाः शुष्का जाताः। न तु तडागे जलं अवर्तत, न नद्यामेव वा। तदा कश्चित् तृष्णातुरः काको जलं मार्गयमाणः तत्रागच्छत्। तस्मै क्वचिदपि जलं नालभत। अन्ततः कश्चित् कृषिक्षेत्रं प्रति अगच्छत्। तत्र कृषीवलस्य प्रांगणे एकः कलशोऽदृश्यत्। तस्य कलशस्य मुखभागे उपविश्य तेन काकेन आभ्यन्तरे दृष्टिपातं कृतम्। तत्र अल्पं जलं दृष्टम्। तत् जलं पातुं काकेन स्वचञ्चुः नामिता, परं व्यर्थम्। जलं अतिनीचैः अवर्तत।

काको 'जलं तु उपलब्धं, परं कथं पास्यामि' इति चिन्तयितुमारभत।

तत्रैव कलशस्य समीपे स्थितानि कांचित् उपलान् काकोऽपश्यत्। स तानि एकैकं चञ्च्वा गृहीत्वा कलशे न्यक्षिपत्। शनैः शनैः जलस्थलं ऊर्ध्वम्प्रति आगन्तुमारभत। कश्चित्कालानन्तरं जलं पूर्णतः उपरि आगच्छत्। काकः सानन्दं जलं पीत्वा उड्डयितवान्।

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ചെറുകഥകൾ

സാമർത്ഥ്യമുള്ള കാക്ക

വേനൽക്കാലമായിരുന്നു. അസഹ്യമായുള്ള ചൂട കൊണ്ടു എല്ലാ ജലാശയങ്ങളും വററിപ്പോയി. പൊയ്ക യിലോ നദിയിലോ വെള്ളം ഇല്ലായിരുന്നു. അപ്പോൾ ദാഹിച്ചു വലഞ്ഞ ഒരു കാക്ക വെള്ളം അന്വേഷിച്ചും കൊണ്ടു അവിടെ വന്നു. അതിന്നു എങ്ങും വെള്ളം കിട്ടി യില്ല. ഒടുവിൽ ഒരു വയലിലേക്ക് പോയി. അവിടെ കൃഷിക്കാരൻെറ മുററത്തിൽ ഒരു കുടം കാണപ്പെട്ടു. ആ കുടത്തിൻെറ വക്കിൽ ഇരുന്നു കാക്ക ഉള്ളിലേക്ക് നോക്കി അതിൽ കുറച്ച് വെള്ളം ഉണ്ടായിരുന്നു. ആ വെള്ളം കുടി ക്കാൻ വേണ്ടി (കാക്ക) തൻെറ കൊക്ക താഴ്ത്തി. എന്നാൽ വ്യർത്ഥമായി. വെള്ളം വളരെ അടിയിലായിരുന്നു.

കാക്ക, 'വെള്ളമോ കിട്ടി എന്നാൽ എങ്ങിനെ കുടിക്കും' എന്നു ആലോചിക്കാൻ തുടങ്ങി.

അവിടെതന്നെ കുടത്തിൻെറ അടുത്തു കുറെ ചെറിയ കല്ലുകൾ കിടക്കുന്നതു കാക്ക കണ്ടു. കാക്ക അവയെ ഓരോ ന്നായികൊത്തി കുടത്തിലിട്ടു. മെല്ലെമെല്ലെ വെള്ളത്തിൻെറ നിരപ്പ് മേലോട്ടു വരുവാൻ തുടങ്ങി. കുറച്ചുനേരത്തിൽ വെള്ളം മുഴുവനും മേലോട്ടു വന്നു. കാക്ക സന്തോഷത്തോട കൂടി വെള്ളം കുടിച്ചു പറന്നു പോയി.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

इदम् आम्लम्

कस्मिश्चिद् दिने कश्चित् शृगालो बुभुक्षया साकुलो गच्छन् आसीत्। सः मार्गे द्राक्षावल्लीं एकां अपश्यत्। तस्याः अधस्ताद् गत्वा उपरि अपश्यत्। भोः, पश्य, तत्र कं द्राक्षफलगुच्छं वर्तते इति एव सोऽवदत्।

शृगालः स्वाभिलाषां निगृहीतुं अशक्तो जातः। एकेन उत्पतनेन तद् द्राक्षफलगुच्छं भक्षितुं शक्नोमि इति विचिन्त्य तं प्रति उत्पतत्, परं न प्राप्तम्। पुनः उत्पतत्, परं न प्राप्तम्।

अन्ततो गत्वा, 'द्राक्षफलमिदं मया न अपेक्षितव्यम्। इदं तु आम्लं' इति निराशया कथयन अगच्छत्।

സംസ്കൃതത്തിൽ 'ഒരിക്കൽ, ഒരു' എഴുതുന്നതിന് പകരം ഏതോ ഒരിക്കൽ, ഏതോ ഒരു എന്ന് എഴുതുന്നു. ഇതിനെ സംസ്കൃതത്തിൽ

कः + चित् = कश्चित्

कं + चित् = कश्चित्

केन + चित् = केनचित्

कस्य + चित् = कस्यचित्

के + चित् = केचित्

ഉദാ :- कश्चित् काकः = ഏതോ ഒരു കാക്ക

कश्चित् काकम् = ഏതോ ഒരു കാക്കയെ

केनचित् काकेन = ഏതോ ഒരു കാക്കയാൽ

कस्यचित् काकस्य = ഏതോ ഒരു കാക്കയുടെ

केचित् काकाः = ഏതോ കാക്കകൾ

എന്നിങ്ങനെ പ്രയോഗിക്കാം.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഇതു പുളിക്കും

ഒരിക്കൽ ഒരു കുറുക്കൻ വിശന്നു വലഞ്ഞു നടക്കുകയായിരുന്നു. അവൻ വഴിയിൽ ഒരു മുന്തിരിവള്ളി കണ്ടു. അതിന്റെ ചുവട്ടിൽ ചെന്നു് അവൻ മേലോട്ടു നോക്കി. അതാ, അങ്ങു് ഒരു മുന്തിരിങ്ങാക്കുല ! എന്നു് അവൻ തന്റെ മനസ്സിൽ പറഞ്ഞു.

അവനു് കൊതി സഹിച്ചില്ല. അവൻ ഒരു ചാട്ടത്തിനു് അതു് വായിലാക്കാമെന്നു വിചാരിച്ചു. അതിനു നേരെ അവൻ ചാടി. അവനു് എത്താൻ കഴിഞ്ഞില്ല. വീണ്ടും ചാടി. പററിയില്ല.

ഒടുവിൽ നിരാശനായി അവൻ പറഞ്ഞു "ഛീ! ഈ മുന്തിരിങ്ങ എനിക്കു വേണ്ട ഇതു പുളിക്കും !"

—: ● :—

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

इन्दोः उपरि पिधानं देहि

ग्रीष्मदिने। कविः रवीन्द्रनाथ ठाकुर महाशयो रात्रौ स्वपिति स्म। अकस्मात् ज्योत्स्नया तस्य निद्रा भग्ना। समीप एव सुप्तं भृत्यं महादेवं आहूय अवोचत्—"भो! महादेव, इन्दोः उपरि पिधानं देहि अनेन कारणेन स्वप्तुं न शक्नोमि।"

महादेवः कवेः वार्तां श्रुत्वा तत्रैव जडवत् तिष्ठति स्म। सोऽविचारयत्—"आकाशे विद्यमानं चन्द्रमसं कथं समाच्छन्नं करिष्यामि।" इति।

कविः तस्य संशयं अजानात्। समीपे तम् आहूय अवोचत्—"पश्य, तं वातायनं पिधेहि।" इति

महादेवेन तेन प्रकारेणैव कृतम्। कक्षेऽन्धकारं परिव्याप्तम्। तर्हि कविः अपृच्छत, "किं महादेव, चन्द्रमाः पिहितो न वा।" इति।

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ചന്ദ്രനമീതെ മൂടുപടം

ഗ്രീഷ്മകാലമായിരുന്നു. മഹാകവി രവീന്ദ്രനാഥ് ടാകൂർ രാത്രിയിൽ ഉറങ്ങികൊണ്ടിരുന്നു. യാദൃച്ഛികമായി നിദ്രാവിനാൽ അദ്ദേഹത്തിൻെറ ഉറക്കത്തിനു ഭംഗം വന്നു അരികെത്തന്നെ ഉറങ്ങുന്ന ഭൃത്യൻ മഹാദേവനെ വിളിച്ചിട്ട്, "ഹേയ് മഹാദേവാ, ചന്ദ്രൻെറ മീതെ മൂടുപടം ഇട്ടു, ഇതിനാൽ എനിക്ക് ഉറങ്ങാൻ കഴിയുന്നില്ല" എന്നു പറഞ്ഞു.

മഹാദേവൻ കവിയുടെ വാക്ക് കേട്ടിട്ടു നിശ്ചേഷ്ടനായി തന്നെ നിന്നു. "അവൻ, ആകാശത്തിലുള്ള ചന്ദ്രനെ ഞാൻ എങ്ങിനെ മൂടുപടമിടിയ്ക്കും" എന്നു വിചാരിച്ചു

കവി അവൻെറ സംശയം അറിഞ്ഞു. അവനെ അരികിൽ വിളിച്ചിട്ടു, "നോക്കൂ, ആ ജനവാതിൽ അടയ്ക്കൂ," എന്നു പറഞ്ഞു

മഹാദേവൻ അങ്ങനെ തന്നെ ചെയ്തു. മുറിയിൽ ഇരുട്ടു വ്യാപിച്ചു. അപ്പോൾ കവി, "എന്താ മഹാദേവാ! ചന്ദ്രൻ മൂടപ്പെട്ടില്ലേ," എന്നു ചോദിച്ചു.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

व्याघ्रो भूतो मूषिकः

गौतमस्य तपोवने एको मुनिरासीत्। तस्य नाम महातपा इति। एकस्मिन् दिने तेन मुनिना केनचित् कालेन नीयमानो मूषिको दृष्टः। मुनिः परमदयालुरासीत्। तेन मुनिना धान्यानि प्रक्षिप्तानि। तानि धान्यानि दृष्ट्वा काकेन मूषिकः त्यक्तः। ततः कश्चित् बिडालः तं मूषिकं खादितुं उपाधावत्। तं अवलोक्य सः भीतो मूषिको मुनेः कुटीरे प्रविशत्। ततो मुनिना कथितम्—"मूषिको मुनेः कुटीरे प्रविशत्। ततो मुनिना कथितम्—"मूषिक! त्वं मार्जीरो भव।" मार्जारीभूतः सः मूषिकः कञ्चन कुक्कुरं दृष्ट्वा धावितः। ततो मुनिना कथितम्—"कुक्कुरात् बिभोषि! त्वमपि कुक्कुरो भव।" सोऽपि व्याघ्राद भीतः। ततः तेन मुनिना एषः व्याघ्रः कृतः।

अथ तं मुनिञ्च व्याघ्रञ्च दृष्ट्वा सर्वे जनाऽवदन्—"एतेन मुनिना मूषिकाय व्याघ्रत्वं प्रदत्तम्।" एवत् श्रुत्वा सः व्याघ्रोऽचिन्तयत्—"यावदयं मुनि जीविष्यति, तावद् इदं मम स्वरूपाख्यानं अकीर्तिकरं न पलायिष्यति।" इति समालोच्य सः व्याघ्रः मुनिं हन्तुं गतः। ततो मुनिना तद् ज्ञात्वा—"पुनः मूषिको भव" इति उक्त्वा मूषिकः एव कृतः।

सः ൾം एषः ൾം അ ൗിൻെറ മുമ്പിൽ ഓരാം सो—एषो എന്നാകം:
൭൭൦ ; सः अस्ति=सोऽस्ति ; एषः अपि=एषोऽपि

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

പുലിയായ് മാറിയ എലി

ഗൌതമന്റെ തപോവനത്തിൽ ഒരു മുനിയുണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേർ മഹാതപൻ എന്നായിരുന്നു. ഒരു ദിവസം ആ മുനി കാക്ക ഒരു എലിയെ കൊണ്ടു പോകുന്നതു കണ്ടു. മുനി വളരെ കരുണയുള്ളവനായിരുന്നു. ആ മുനി ധാന്യങ്ങളെ എറിഞ്ഞു. ആ ധാന്യങ്ങളെ കണ്ടിട്ടു കാക്ക എലിയെ വിട്ടു. അപ്പോൾ ഒരു പൂച്ച ആ എലിയെ തിന്നുവാൻ അതിനു നേരേ ഓടി. അതു കണ്ടു് ഭയപ്പെട്ടു ആ എലി മുനിവന്റെ കുടിലിനുള്ളിൽ പോയി. അപ്പോൾ മുനിവൻ, "എലി! നീ പൂച്ചയായ് മാറുക" എന്നു പറഞ്ഞു. പൂച്ചയായ് മാറിയ ആ എലി ഒരു നായയെ കണ്ടിട്ടു ഓടി. അപ്പോൾ മുനിവൻ, "നായയെ കണ്ടിട്ടു ഭയപ്പെടുകയോ! നീയും നായാകുക" എന്നു പറഞ്ഞു. അതു പുലിയെ കണ്ടു് ഭയപ്പെട്ടു. അപ്പോൾ ആ മുനിവൻ അതിനെ പുലിയായ് മാററി.

ആ മുനിവനെയും പുലിയെയും കണ്ടിട്ടു ആളുകളെല്ലാവരും, "ഈ മുനി എലിക്കു് പുലിയുടെ രൂപം കൊടുത്തു" എന്നു പറഞ്ഞു. ഇതു കേട്ട പുലി, 'മുനിവൻ ജീവിച്ചിരിക്കും വരെ എന്റെ ഈ രൂപത്തിന്റെ കഥ ഹീനമായിത്തന്നെയിരിക്കും' എന്നു വിചാരിച്ചു് ആ മുനിയെ കൊല്ലുവാൻ തുനിഞ്ഞു. അപ്പോൾ മുനിവൻ അതു അറിഞ്ഞിട്ടു, "വീണ്ടും നീ എലിയായി മാറിപ്പോ" എന്നു പറഞ്ഞിട്ടു അതിനെ എലിയാക്കി മാററി.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

अयं मे शिशुः

कश्चित् गृहस्थोऽवर्तत । तस्य द्वे भार्येऽवर्तेताम् । ते द्वे अपि एकैकं पुत्र अजनयताम् ।

एकस्मिन् दिने रात्रौ कनिष्ठायाः शिशुः मृतः । सा आत्मानो मृतं शिशुं सपत्न्याः शयने निधाय तस्याः शिशुं आत्मनः शयनेऽशाययत् ।

प्रातो जातः । ज्येष्ठाऽऽत्मनः शयने कनिष्ठाया मृतं शिशुं अपश्यत् । सा कनिष्ठायाः शयनागारे गत्वा तत्रात्मनः शिशुं अपश्यत् । सा कनिष्ठा अवोचत्—"मृतः शिशुरयं न मम, तव शयने यः स्वपिति: सः शिशुरेव मम । अतो मे शिशुं मह्य देहि ।"

कनिष्ठा प्रत्यवदत्—"अयं तु ममैव शिशुः । तव शिशुः तु मृतोऽस्ति ।"

ते द्वे अपि जीवन्तं शिशु गृहीत्वा नृपस्य समीपं अगच्छताम् । नृपः तयोर्विवादं आकर्ण्य भृत्यान् आदिशत्—"एतं शिशुं छित्वा एकैकस्यै एकैकं खण्डं दिशत् ।"

एतदाकर्ण्य कनिष्ठा नृपं प्रति अवोचत्—"आवयोरुभयोरपि पुत्रो माऽस्तु । यथा आज्ञप्तं क्रियताम् ।"

शिशोर्मरणं असहमाना ज्येष्ठा तु सभयं कंपमाना नृपं अवोचत्—"हे राजन्! शिशुः न हन्तव्यः; तस्यै एव दीयताम् । कुत्रापि शिशुः जीवतु ।"

शिशोर्वधं असहमाना ज्येष्ठा एव तस्य जननी इति ज्ञात्वा नृपः तस्मा हस्ते शिशुं अददत्; अन्यां तु कारागृहं प्रैषयत् ।

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഇതു എൻെറ കുട്ടി

ഒരു ഗൃഹനായകനുണ്ടായിരുന്നു. അവനു രണ്ടു ഭാര്യ മാരുണ്ടായിരുന്നു. അവർ ഇരുവരും ഓരോ കുട്ടിയെ പ്രസവിച്ചു

ഒരു ദിവസം രാത്രിയിൽ ചെറിയവളുടെ കുട്ടി മരിച്ചു അവൾ തൻെറ മരിച്ച കുട്ടിയെ സപത്നിയുടെ കിടക്കയിൽ കിടത്തി, അവളുടെ കുട്ടിയെ തൻെറ കിടക്കയിൽ ഉറക്കി

പ്രഭാതമായി. വലിയവൾ തൻെറ കിടക്കയിൽ ചെറിയവളുടെ മരിച്ച കുട്ടിയെ കണ്ടു. അവൾ ചെറിയവളുടെ ഉറക്കറയിൽ പോയപ്പോൾ അവിടെ തൻെറ കുട്ടിയെ കണ്ടു. അവൾ ചെറിയവളോടു ചോദിച്ചു—"മരിച്ച ഈ കുട്ടി എൻെറതല്ല. നിൻെറ കിടക്കയിൽ ഉറങ്ങുന്ന ആ കുട്ടിയാണു് എൻെറതു. എൻെറ കുട്ടിയെ എനിക്കു തരു."

ചെറിയവൾ തർക്കിച്ചു—"ഇതാണു എൻെറ കുട്ടി, നിൻെറ കുട്ടി മരിച്ചു."

അവരിരുവരും ജീവനുള്ള കുട്ടിയെ എടുത്തുകൊണ്ടു രാജസന്നിധിയിൽ പോയി. രാജാവു അവരുടെ വിവാദം കേട്ടു് ഭൃത്യന്മാരോടു് കല്പിച്ചു—"ഈ കുട്ടിയെ വെട്ടി ഓരോരുത്തർക്കും ഓരോ കഷണം കൊടുക്കുവിൻ."

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ഇതു കേട്ട് ചെറിയവൾ രാജാവിനോടു പറഞ്ഞു— ‘ഞങ്ങൾ രണ്ടുപേൎക്കും കുട്ടി വേണ്ടാ. കല്പനപോലെ ചെയ്യാലും’’ കുട്ടിയുടെ മരണം സഹിക്കാനാവാത്ത വലിയവൾ ഭയത്താൽ വിറച്ചുംകൊണ്ടു രാജാവിനോടു പറഞ്ഞു ‘ഹേ രാജൻ! കുട്ടിയെ കൊല്ലാതിരുന്നാലും. അവൾക്കു തന്നെ കൊടുത്താലും. കുട്ടി എവിടെയായാലും ജീവിക്കട്ടെ’’

കുട്ടിയുടെ മരണം സഹിക്കാനാവാത്ത ആ വലിയവൾ തന്നെയാണു അതിന്റെ അമ്മയെന്നു മനസ്സിലാക്കിയ രാജാവു അവളുടെ കൈയിൽ കുട്ടിയെ കൊടുത്തു; മററവളെ കാരാഗൃഹത്തിലേയ്ക്കു അയക്കുകയും ചെയ്തു.

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

पदसेवार्थ प्रस्तुतम्

शान्ति निकेतने तेषु दिनेषु बहवो मशका आसन्। यदा कविः रवीन्द्रनाथ ठाकुरमहोदयः सन्ध्यासमये समामातै र्जनै र्मिलित्वा वार्तालापाय उपविशति स्म, तदा मशकाः पादौ दष्टुमारभन्त। अतः कविपादयोः 'मस्किटल' नाम तैलस्य स्वयमेव प्रयोगमकरोत्। अस्य प्रयोगेन मशकाः पादयोरुपवेष्टुं अशक्ता भवन्ति।

अस्मिन् तैले नीम्बूकपुष्पस्य गन्ध इति गन्धोऽवर्तत: कविः बहिरुपविश्य स्वयमेव स्वयोः पादयोः तैलं लेपयति स्म। केचित् जनाः कविं द्रष्टुकामा तस्मिन् स्थाने आगच्छन्।

कविः तेषाम् जिज्ञासायाः समाधानं कृत्वा एवमवोचत्— "भोः! निकेतनस्य मशका अतीव नम्रस्वभावन्तः। ते सर्वदा पद-सेवार्थं प्रस्तुता भवन्ति। अतोऽस्य उपायस्य अवलम्बनं आवश्यकम्।

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

പാദ സേവനത്തിനുള്ള സന്നദ്ധത

ശാന്തിനികേതനത്തിൽ അക്കാലത്ത് വളരെ കൊതു കുകളുണ്ടായിരുന്നു. മഹാകവി രവീന്ദ്രനാഥ് ടാകർ ഒരു സന്ധ്യക്ക് അതിഥികളെ സ്വീകരിച്ചു സംഭാഷണം ചെയ്തു കൊണ്ടിരിക്കുമ്പോൾ കൊതുകുകൾ കാലുകളിൽ കടിയ്ക്കാൻ തുടങ്ങി. അതുകൊണ്ടു കവി കാലടികളിൽ 'മാസ്കിടൽ' എന്ന തൈലം സ്വയം തേച്ചു. ഇതിന്റെ ഉപയോഗ ത്താൽ കൊതുകുകൾക്ക് കാലുകൾക്കരികെ പോകാൻ കഴിയുന്നതല്ല.

ഈ തൈലത്തിനു ചെറുനാരക പുഷ്പത്തിന്റെ സുഗന്ധം പോലുള്ള ഒരു ഗന്ധമുണ്ടായിരുന്നു. കവി പുറ ത്തിരുന്ന് തന്നത്താൻ തന്റെ കാലുകൾക്ക് തൈലം തടവിക്കൊണ്ടിരുന്നു. കുറച്ച് ആളുകൾ കവിയെ കാണാൻ വേണ്ടി അവിടെ വന്നു.

കവി അവരുടെ ജിജ്ഞാസയെ സമാധാനിപ്പിച്ചു കൊണ്ടു പറഞ്ഞു, "ഓ, നികേതനത്തിലുള്ള കൊതു കുകൾ വളരെ വിനീത സ്വഭാവമുള്ളവയാകുന്നു. അവ എല്ലായ്പ്പോഴും പാദസേവനത്തിനു വേണ്ടി സന്നദ്ധരായിരി ക്കുന്നതുകൊണ്ടു ഈ ഉപായം ചെയ്യേണ്ടതു് ആവശ്യ മായിരിക്കുന്നു.

Sri Vidyabharathi Book Centre, Sringeri

कथानिकांश :—

CC-O. In Public Domain. Digitized by eGangotri

अज्ञातः पथिकः

द्वारि स्थितं पान्थं अवलोक्य सन्तप्तहृदया मालती किञ्चिद् धैर्यं अलभत् ।

पथिकेन स्वीया चर्मपेटिका तत्रैव द्वारि संस्थाप्य मालत्याः समीपे समायातः । सः तां अपृच्छत्—"अहं ते किं साहाय्य कुर्याम् ?

सा साश्रुनयनाऽवोचत्—"कोऽत्र अपरः ? चेत् किमपि चिकीर्षसि मदीयं साहाय्यं तु मामकीं मातरं कथञ्चिद् रक्ष ।" इत्युक्त्वा सा पुनः रोदितुमारेभे । पान्थः पुनस्तस्याः समीपं आगत्य अवोचत्—"उत्तिष्ठ भगिनि ! खेदं मा वह । स्वयमेव चेद् धैर्यं त्यक्ष्यसि तर्हि मातरं कथं रक्षिष्यसि ? अथ केन रोगेण आक्रन्ता भवत्या माता ?"

"कासरोगेण चिरात् पीडितेयम । अधुना च श्लैष्मिकसन्निपातेन आक्रान्ता भवति ।"

तस्या नाडीं परीक्ष्य सोऽवोचत्—"अपि वैद्यः समाहूत आसीत ।"

"आम् तेन एव अस्या रोगपरीक्षा कृता, औषधमपि दत्तम्" औषधपात्र दर्शयित्वा सा पुनः अवोचत्—"इदमेव तेन त्रदत्तम् ।"

"किमपि तेन अन्यत् उक्तम् ?"

"आम्, रोगेऽयं भयंकरः । अल्पादल्पव्ययोऽपि शतद्वय-रूप्यकाणां भविष्यति इति तेन उक्तम् ।"

माता दौर्बल्येन निद्रामुपगता । सो हि पुनः अपृच्छत—"अपि दत्तामि रूप्यकाणि ?"

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

ചെറുകഥയുടെ ഒരു ഭാഗം

അപരിചിതനായ പാന്ഥൻ

വാതില്ക്കൽ നിന്നിരുന്ന പാന്ഥനെ കണ്ട് ദുഃഖിതയായിരിക്കുന്ന മാലതിക്കു കുറച്ച് ധൈര്യം കൈവന്നു.

പാന്ഥൻ തന്റെ തോൽപ്പെട്ടി അവിടെത്തന്നെ വാതില്ക്കൽ വെച്ചിട്ടു മാലതിക്കരികെ ചെന്നു അവൻ അവളോട് ചോദിച്ചു. "ഞാൻ നിനക്കു എന്തു സഹായമാണു ചെയ്യേണ്ടതു്?"

കണ്ണുനീർ വാർത്തുകൊണ്ടു് അവൾ പറഞ്ഞു— ഇവിടെ വേറെ ആരുണ്ടു്? എനിക്കു എന്തെങ്കിലും ഒരു സഹായം ചെയ്യണമെന്നുണ്ടെങ്കിൽ എന്റെ അമ്മയെ എങ്ങിനെയെങ്കിലും രക്ഷിക്കുക." ഇങ്ങനെ പറഞ്ഞിട്ടു വീണ്ടും കരയാൻ തുടങ്ങി. പാന്ഥൻ അവൾക്കു് അടുത്തു ചെന്നു പറഞ്ഞു—എഴുന്നേല്ക്കൂ സഹോദരി! ദുഃഖിയ്ക്കരുതു നീതന്നെ ധൈര്യത്തെ കൈവിടുന്നതായാൽ അമ്മയെ എങ്ങനെ രക്ഷിക്കും? നിന്റെ അമ്മക്കു എന്താണു് സുഖക്കേടു്?

"വളരെക്കാലമായി കാസരോഗത്താൽ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇപ്പോൾ കഫസന്നിപാതജ്വരത്താൽ വിഷമിക്കുന്നു"

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

അവളുടെ നാഡി പരിശോധിച്ചിട്ടു—"വൈദ്യനെ വിളിച്ചോ" എന്നു ചോദിച്ചു.

"ഉവ്വ്," അദ്ദേഹംതന്നെ അമ്മയുടെ രോഗം പരിശോധിച്ചു മരുന്നു തന്നു."—മരുന്നുകുപ്പി കാണിച്ചിട്ടു അവൾ വീണ്ടും പറഞ്ഞു—"അദ്ദേഹം ഇതാണ് തന്നതു്."

"അദ്ദേഹം വേറെ എന്തെങ്കിലും പറഞ്ഞോ?"

"ഉവ്വ്, ഈ രോഗം ഭയങ്കരമാണ്. ചുരുക്കി ചിലവാക്കിയാൽതന്നെ ഇരുന്നൂറ് രൂപ ആകും എന്നു അദ്ദേഹം പറഞ്ഞു.

ബലഹീനതയാൽ അമ്മ ഉറക്കാവസ്ഥയിലായിരുന്നു. അവൻ വീണ്ടും ചോദിച്ചു—"പണം കൊടുത്തുവോ."

———

Sri Vidyabharathi Book Centre, Sringeri

CC-O. In Public Domain. Digitized by eGangotri

वंदे मातरम्

वंदे मातरम् ।
सुजलाम् सुफलाम् मलयज शीतलाम्
सस्य श्यामलाम् ॥
शुभ्रज्योत्स्ना - पुलकित - यामिनीम्
फुल्ल कुसुमिता - द्रुमदल - शोभिनीम्
सुहासिनीम् सुमधुर - भाषिणीम्
सुखदाम्, वरदाम् मातरम् ॥
वंदे मातरम्

—: * :—

Sri Vidyabharathi Book Centre, Sringeri